VYAVASAYA KERALAM

August 2017

# വ്യവസായ കേരളം

Volume 50 Issue 3





## ഓണത്തിനൊരുങ്ങി

## ദൈവത്തിന്റെ സ്വന്തം നാട്



### ബഡ്ജീസ്

എന്ന ബഡ്ജറിഗറുകൾ

### സൈബർ സെക്യൂരിറ്റി

തുറന്നിടുന്ന

സംരംഭക സാധ്യതകൾ

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ആഗസ്റ്റ് 2017 പുസ്തകം50 ലക്കം 3
August 2017 Volume 50 Issue 3



കവർസ്റ്റോറി

6 **ഓണത്തിനൊരുങ്ങി ദൈവത്തിന്റെ സ്വന്തം നാട്**
അജിത് കട്ടയ്ക്കൽ









22 വിടരുന്ന **പുഷ്പവിപണി**
എഴുമാവിൽ രവീന്ദ്രനാഥ്

25 **ബഡ്ജീസ് എന്ന ബഡ്ജറിഗറുകൾ**
ഡോ. ഡി. ഷൈൻകുമാർ

30 **റബ്ബർ വുഡ് ഫർണിച്ചർ വ്യവസായവും ഉല്പാദന പ്രക്രിയയും**
എസ്. ഗൗതം യോഗീശ്വർ & അനൂപ് എസ്.

34 **സൈബർ സെക്യൂരിറ്റി തുറന്നിടുന്ന സംരംഭക സാധ്യതകൾ**
ലോറൻസ് മാത്യു

40 **നാച്വറൽ വിനഗർ**

42 **മിൽമ മൂല്യവർധിത ഉത്പന്നങ്ങൾ കടൽ കടന്നും പെരുമകൾ**
രമേഷ് കുമാർ വെള്ളമുണ്ട

**ചീഫ് എഡിറ്റർ**
കെ.എൻ. സതീഷ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ** (ഇൻചാർജ്)
എസ്. നിഷാന്ദ്

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ**-
vyavasayakeralam@gmail.com
**വെബ്സൈറ്റ്**-
www.keralaindustry.org

**പ്രതിനിധികൾ**-
- **തിരുവനന്തപുരം** : രഞ്ജിത്. സി. ഒ
- **കൊല്ലം** : അബ്ദുൾ സലാം
- **പത്തനംതിട്ട**: സി.എം. ഷാജഹാൻ
- **ആലപ്പുഴ** : യു. അജിത്കുമാർ
- **കോട്ടയം** : ആർ. സുരേഷ്ബാബു
- **ഇടുക്കി** : ദീപ
- **എറണാകുളം** : ഇ.എം. നാസർ
- **തൃശൂർ** : കെ.എസ്. കൃപകുമാർ
- **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ
- **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : പി.ബി. സത്യജിത്
- **കണ്ണൂർ** : നിധിൻ ഇ.ആർ.
- **കാസർഗോഡ്** : റ്റി. ദിനേശൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഷബീർ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
സജീർ എസ്., നിഷ,
വിപിൻ വി.എസ്.,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

# കേരള എം. എസ്. എം. ഇ ജിയോപോർട്ടൽ

സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനുമായി ധാരാളം പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് കാലങ്ങളായി നടപ്പിലാക്കി വരുന്നു. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികളോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളും വിജയകരമായി നടപ്പിലാക്കുന്നതിൽ അഭിമാനാർഹമായ പ്രവർത്തനമാണ് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. ബ്ലോക്ക്/മുനിസിപ്പൽ/കോർപറേഷൻ മേഖല കേന്ദ്രീകരിച്ച് വിന്യസിച്ചിരിക്കുന്ന വ്യവസായ വികസന ഉദ്യോഗസ്ഥർ ഈ പ്രവർത്തനങ്ങളിൽ വലിയ മുതൽക്കൂട്ടാണ്. എന്നാൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സംരംഭകരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കിക്കേണ്ടതുണ്ട്. ഇതു തന്നെയാണ് പദ്ധതി രൂപീകരണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളിയും. ആയതിന് സംസ്ഥാനത്തെ സംരംഭകരുടെ വിപുലമായ വിവരശേഖരണം അത്യാവശ്യമാണ്. വ്യവസായ ജാലകം പദ്ധതി നടപ്പിലാക്കി വരുന്നത് ഈയൊരുദ്ദേശത്തിലാണ്.



വ്യവസായ ജാലകം പദ്ധതി ഈ വർഷം മാർച്ച് മാസം മുതൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവരശേഖരണം നടത്തുന്നതോടൊപ്പം ജി. പി. എസ്. സംവിധാനം ഉപയോഗിച്ച് സംരംഭത്തിന്റെ സ്ഥാനവും രേഖപ്പെടുത്തുന്നു. ഇതുപ്രകാരം ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അമ്പതിനായിരത്തോളം സംരംഭകരുടെ വിവരങ്ങൾ ഇതിനകം വ്യവസായ ഭൂപടത്തിൽ (ജിയോ പോർട്ടൽ) രേഖപ്പെടുത്തിക്കഴിഞ്ഞു. സെപ്തംബർ മാസത്തോട് കൂടി ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ട രീതിയിലാണ് പ്രവർത്തികൾ പുരോഗമിക്കുന്നത്.

വരുംവർഷങ്ങളിലെ പദ്ധതികൾ തയ്യാറാക്കുന്നതിനും തൊഴിലാളികളുടെ സ്ഥിതിവിവരശേഖരണം, സംരംഭങ്ങളുടെ പ്രയാസങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ പൊതുസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഗവൺമെന്റ് തലത്തിലുള്ള മറ്റ് വകുപ്പുകളുടെ പ്രവർത്തനത്തിനും വ്യവസായ ജാലകം- ജിയോപോർട്ടൽ പദ്ധതി വലിയൊരളവിൽ സഹായകമാകുമെന്നുറപ്പാണ്. ആയതിന്റെ ശരിയായ വിജയത്തിന് കേരളത്തിലെ സംരംഭക സമൂഹത്തിന്റെയും സഹകരണം ആവശ്യമാണ്. വിവരശേഖരണത്തിനായി സന്ദർശിക്കുന്ന വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശരിയായ വിവരങ്ങൾ നൽകി, ദീർഘവീക്ഷണത്തോടു കൂടി സർക്കാർ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ചീഫ് എഡിറ്റർ

# കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട വ്യവസായനയം- 2017

വ്യവസായ- സേവന മേഖലകളുടെ വളർച്ചയാണ് ഏതൊരു സംസ്ഥാനത്തിന്റെയും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനുള്ള അടിത്തറ. ആയതിന് ഈ കാലഘട്ടത്തിലെ പ്രധാന ആവശ്യം തൊഴിലവസരം സൃഷ്ടിക്കുക, ഉല്പാദനമേഖല വികസിപ്പിക്കുക എന്നതാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തെ പരിസ്ഥിതി സൗഹൃദമായ രീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കുകയും ഒപ്പം വാണിജ്യരംഗത്ത് വൻകുതിച്ചു ചാട്ടവും, ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുവാനും രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യം വച്ചാണ് വ്യവസായനയം രൂപം കൊടുത്തിട്ടുള്ളത്. ഓരോ വർഷവും വിവിധ സാങ്കേതിക പഠനം പൂർത്തിയാക്കി പുറത്തു വരുന്ന രണ്ട് ലക്ഷത്തിൽ പരം യുവജനങ്ങൾക്ക് വൈദഗ്ധ്യ വികസനവും അന്തസ്സുള്ള ജോലിയും ഉറപ്പുവരുത്തുക എന്നത് ഇന്നത്തെ പ്രധാന വെല്ലുവിളിയാണ്. ജോലി കൊടുക്കുക എന്നതിലുപരി ജോലി നൽകുന്നവരെ സൃഷ്ടിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

നിലവിലുള്ള വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സ്വകാര്യ വ്യവസായ സംരംഭകരുമായും യോജിച്ച് പരമാവധി ഭൂമി കണ്ടെത്തി വ്യവസായ പാർക്കുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും, പ്രത്യേക സാമ്പത്തിക മേഖലകൾ ഉൾകൊള്ളുന്ന വ്യവസായ ഇടനാഴികൾ വിഭവങ്ങളുടെയും അവസരങ്ങളുടെയും ലഭ്യതക്കനുസരിച്ച് പ്രധാന സംസ്ഥാന/ ദേശീയ പാതയോരങ്ങളിൽ നിർമിക്കുക. പരമ്പരാഗത കൈത്തറി, ഖാദി, കരകൗശല, കയർ, കശുവണ്ടി തുടങ്ങിയ മേഖലകളുടെ വളർച്ച, കണ്ണൂരിലും തിരുവനന്തപുരത്തും ടെക്സ്റ്റൈൽ പാർക്കുകൾ, ഇലക്ട്രോണിക്സ് ഉൽപാദന രംഗത്തെ അതിവേഗ വളർച്ച ലക്ഷ്യമിട്ട് ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊച്ചി ഇൻഫോപാർക്കിൽ അതിനൂതന സാങ്കേതിക വിദ്യകളോടെ ഇലക്ട്രോണിക്സ് ഇൻകുബേറ്റർ, കാക്കനാട് ഇലക്ട്രോ ക്ലസ്റ്റർ, പാലക്കാട് ഡിഫൻസ് പാർക്ക്, തിരുവനന്തപുരത്ത് ലോകോത്തര ലൈഫ് സയൻസ് പാർക്ക്, ഫർണിച്ചർ രംഗത്ത് അന്തർദേശീയ ഫർണിച്ചർ ഹബ്, കൊച്ചി പെട്രോ കെമിക്കൽ കോംപ്ലക്സ്, ധാതുമണൽ ഖനനം പൊതുമേഖലയിൽ ഏകോപിപ്പിക്കുകയും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള വൻകിട പ്ലാന്റ്, നിലവിലുള്ള പൊതുമേഖലാ വ്യവസായങ്ങളുടെ ധൃതഗതിയിലുള്ള വളർച്ച, വ്യവസായ മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിന് വിമൻ എന്റർപ്രണർഷിപ്പ് മിഷൻ, പ്രവാസികളായ കേരളീയർക്ക് വ്യവസായ നിക്ഷേപത്തിന് മുൻഗണന, തദ്ദേശീയ, അന്തർദേശീയ വിപണികളെ ആകർഷിക്കുന്നതിന് വാണിജ്യമിഷൻ തുടങ്ങി കേരളത്തെ വ്യവസായിക ഭൂപടത്തിൽ മികവുറ്റ സ്ഥാനത്തെത്തിക്കുന്നതിനുള്ള ബൃഹത്തായ പരിപാടികളാണ് കരട് നയരേഖയിൽ രൂപം കൊടുത്തിട്ടുള്ളത്. ആയതിന്റെ ലക്ഷ്യ പ്രാപ്തിക്കായി നമുക്ക് ഒരുമിച്ച് മുന്നേറാം.

അജിത്ത് കട്ടയ്ക്കൽ



# ഓണത്തിനൊരുങ്ങി ദൈവത്തിന്റെ സ്വന്തം നാട്

ഓണം......മലയാളികളുടെ സ്വന്തം ദേശീയോത്സവം പടിവാതിലിൽ എത്തിക്കഴിഞ്ഞു. ലോകത്തിന്റെ ഏതു കോണിലായാലും പിറന്ന നാട്ടിലേക്ക് ഓടിയെത്താൻ മലയാളി ഓർത്തിരിക്കുന്ന ദിവസം. ഓണക്കാലത്ത് ഉറ്റവരുടെ വരവും പ്രതീക്ഷിച്ച് വഴിക്കണ്ണുമായി കാത്തിരിക്കുന്നവർ. ഗൃഹാതുരത്വമുണർത്തുന്ന

ഒരോലപ്പന്ത്. തൊടിയിലെ നാട്ടുമാവിൻ കൊമ്പിൽ കെട്ടിയ ഊഞ്ഞാൽ. വീട്ടുമുറ്റത്തെ ചാണകം മെഴുകിയ തറയിൽ പത്തുനാൾ വസന്തം തീർക്കുന്ന അത്തപ്പൂക്കളം. വഞ്ചിപ്പാട്ടിന്റെ ഈരടികളാൽ മുഖരിതമായ ചിങ്ങപ്പകലിൽ ആറന്മുളയിലെ കടവിൽ നിന്നും ഓളങ്ങൾ വകഞ്ഞ് നിറയെ കാർഷിക വിഭവങ്ങളുമായി പുറപ്പെടുന്ന പള്ളിയോടം. മിത്തുകളും ഐതീഹ്യവും വിശ്വാസങ്ങളും ഇഴപിരിക്കാനാവാതെ കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു ഭൂതകാലത്തിൽ സ്വർണ്ണനിറമുള്ള സ്വപ്നങ്ങൾക്കൊപ്പം ചന്ദന സുഗന്ധമുള്ള ജീവിതവും നൽകിയ മഹാബലി ചക്രവർത്തി. വാമൊഴിയായും പിന്നെ വരമൊഴിയായും തലമുറകളിലേക്ക് കൈമാറിയ ഓണക്കഥ. ഓണത്തിന് വേണ്ടപ്പെട്ടവർ സമ്മാനിക്കുന്ന ഓണക്കോടികൾ. അരയിൽ ചുറ്റിയ മഞ്ഞക്കോടികളുമായി ഓണപ്പൊട്ടന് പിമ്പേ പാഞ്ഞ ബാല്യങ്ങൾ. കരിയിലമാടന്റെ വരവ് കണ്ട് ഊഞ്ഞാൽ ഉപേക്ഷിച്ച് അമ്മമാരുടെ മുന്താണിക്കോണുകളിൽ ഒളിച്ച ശൈശവങ്ങൾ ഓർമ്മകളിൽ നിന്ന്



അനുവാദത്തിന് കാത്തുനിൽക്കാതെ ചുണ്ടുകളിൽ ഊറിയെത്തുന്ന ഒരോണപ്പാട്ട്.

കോലായിൽ തൂശനിലയിൽ വിളമ്പുന്ന വിഭവ സമൃദ്ധമായ സദ്യകൾ. പാലട പ്രഥമൻ......

ഓണം മലയാളിയുടെ രക്തത്തിൽ അന്തർലീനമായി കിടക്കുന്ന ഒരു വികാരം മാത്രമല്ല. ഒരു സംസ്കാരം കൂടിയാണ്. നക്ഷത്ര വർഷങ്ങൾക്കും അപ്പുറമുള്ള ഭൂതകാലത്തിലെ വിടെയോ സ്വന്തമായ ഒരു സുവർണ്ണ കാലഘട്ടത്തിന് ഉടമകളായിരുന്നെന്ന മലയാളിയുടെ തിരിച്ചറിവിന്റെ ഓർമ്മപ്പെരുന്നാൾ.

ഭരിക്കപ്പെട്ടവനും പൗരനും രണ്ടെല്ലെന്ന ബോധത്തിൽ മാനുഷ്യരെല്ലാം ഒന്നാണെന്ന തിരിച്ചറിവിൽ നിറയുന്ന ഓണപ്പെരുമ. ആ ഭൂതകാലത്തിന്റെ ഓർമ്മച്ചെപ്പുകൾ തുറന്ന് ശബ്ദമുണ്ടാക്കാതെ ചന്ദന മെതിയടികളിലേറി അദൃശ്യനിശബ്ദനായി പ്രജകളെ കണ്ട് മടങ്ങുന്ന മഹാബലി. ഓണത്തിനെ ക്കുറിച്ചുള്ള ഓർമ്മകൾ ഇങ്ങനെ നീളുമ്പോൾ പുത്തൻ ഓണം സമ്മാനിക്കുന്നത് മറ്റുചില ചിന്തകളാണ്.

ലോകത്തിലെ ഏറ്റവും നല്ല ട്രേഡ് ഉത്സവമായി ഓണം മാറിക്കഴിഞ്ഞു. ഓണവും മഹാബലിയും ഒരുപോലെ ട്രേഡ് മാർക്ക് ചെയ്യപ്പെടുന്ന കാലത്താണ് നാം ജീവിക്കുന്നത്. മലയാളിയേക്കാൾ ഓണത്തിന്റെ കച്ചവട സാധ്യതകൾ മനസിലാക്കിയവരാണ് മറുനാട്ടുകാർ. ഓണത്തിന്റെ കച്ചവട സാധ്യതകൾ പ്രയോജനപ്പെടുത്താൻ എത്രത്തോളം മലയാളികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കൂടി ഈ അവസരത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. അന്യ സംസ്ഥാനക്കാരുടെ കച്ചവട താല്പര്യങ്ങൾ നമ്മളിൽ അടിച്ചേൽപ്പിക്കുന്ന മൂർത്തമായ അവസരം കൂടിയാണ് ഓണം. ഓണസദ്യക്കുള്ള അരി, പച്ചക്കറി, പലവ്യഞ്ജനങ്ങൾ, ഓണക്കോടി മുതൽ അത്തക്കളം നിറയ്ക്കാനുള്ള പൂക്കൾക്ക് പോലും നമ്മൾ അന്യസംസ്ഥാനക്കാരെ ആശ്രയിക്കുന്ന കാലത്തിന് അറുതിയുണ്ടാകണം. ഓണമുണ്ണാൻ കാണം വിൽക്കുന്നവന്റെ പണംപോലും ചെന്നെത്തുന്നത് അന്യസംസ്ഥാനക്കാരുടെ കീശകളിൽ മാത്രമെന്ന ഇപ്പോഴത്തെ പതിവ് അവസാനിക്കണം. ഒരു ശരാശരി മലയാളിയുടെ ഒരു വർഷത്തെ മുഴുവൻ കരുതലിന്റെ നല്ലൊരുപങ്കും എത്തുന്നത് ഓണവിപണിയിലേക്കാണ്. ഈ സമ്പത്തിന്റെ സിംഹ ഭാഗവും ഒഴുകിഒലിച്ചുചെന്നു ചേരുന്നതാകട്ടെ അന്യസംസ്ഥാനങ്ങളിലേക്കും.

കള്ളപ്പറയും നിറനാഴിയും വച്ച് പലരും നമ്മെ കബളിപ്പിക്കുന്ന ഒരു വർത്തമാനകാല വിപണിയിലാണ് മലയാളിയുടെ സ്വന്തം ഓണം അകപ്പെട്ടിരിക്കുന്നത്. മലയാളിയുടെ ഉപഭോഗ സംസ്കാരം അഥവാ മലയാളിയുടെ അബോധ മനസ്സിൽ ആരൊക്കെയോ ചേർന്ന് അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന മൂല്യച്യുതി സംഭവിച്ച ഉപഭോഗ സങ്കൽപ്പങ്ങൾക്ക് പൊളിച്ചെഴുത്ത് അത്യാവശ്യമാണ്. വ്യക്തിപരമായി മാത്രമല്ല ഒരു ജനതയുടെകൂടി ആവശ്യമാണ് ഈ പൊളിച്ചെഴുത്ത്. ദൈവത്തിന്റെ സ്വന്തം നാട് ഒരു പുതിയ ഉപഭോഗസംസ്കാരത്തിനായി കാതോർക്കുകയാണ്. നമ്മുടെ ആവശ്യങ്ങൾക്കുള്ള ഉല്പ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കാൻ നമ്മൾക്ക് കഴിയണം. ഒപ്പം, സംസ്ഥാനത്തിനകത്ത് നമ്മുടെ സഹോദരങ്ങൾ നിർമ്മിക്കുന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വാങ്ങാനും നാം തയ്യാറാവണം.

അന്താരാഷ്ട്രാ ഗുണനിലവാരം പുലർത്തുന്ന ഉൽപ്പന്നങ്ങൾ മുതൽ നമ്മുടെ സ്വന്തം മേൽവിലാസങ്ങൾക്ക് അടിവരകൾ നൽകിയ ഉപഭോഗ ഉൽപ്പന്നങ്ങൾ വരെ സ്വന്തമായി നിർമ്മിച്ച് ലോകവിപണിയിൽ ശ്രദ്ധ നേടിയവരാണ് നമ്മൾ. ഉപ്പുമുതൽ ഉപഗ്രഹം വരെയുള്ള നിർമ്മാണ മേഖലയിൽ തന്റേതായ സ്വന്തം കൈയ്യൊപ്പ് ചാർത്തിയവരാണ് മലയാളികൾ. സംസ്ഥാനത്തെ ചെറുതും വലുതുമായ സംരംഭങ്ങർ ഏറെ പ്രതീക്ഷയോടെയും പ്രത്യാശയോടെയും ഉറ്റുനോക്കുന്നത് ഓണവിപണിയെയാണ്. ഗുണനിലവാരവും വിശ്വാസ്യതയും സമാസമം ചേർത്ത് ഓണപ്പുടവ മുതൽ കണ്ണിമാങ്ങാ അച്ചാർ വരെ തയ്യാറാക്കി വ്യവസായ കേരളം ഓണവിപണിയിൽ കണ്ണുംനട്ടിരിക്കയാണ്. വൻകിട കമ്പനികളെപ്പോലെ ബ്രാണ്ടിംഗ് ചെയ്യപ്പെടാൻ കഴിയാതെ പോകുന്ന നമ്മുടെ നിവർത്തികേടുകൾക്ക് ഈ ഓണത്തോടെ വിരാമമാകണം.




സംസ്ഥാനത്തെ സംരംഭകരെ മുഴുവൻ ഒരു കുടക്കീഴിൽ അണിനിരത്തി എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട നഗരങ്ങളിലും ഓണം-ബക്രീദ് വ്യാവസായിക പ്രദർശന വില്പന സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, സഹകരണ സ്ഥാപനങ്ങളും, പ്രാദേശിക ഭരണകൂടങ്ങളും വിവിധ സ്ഥലങ്ങളിൽ ഓണം-ബക്രീദ് മേളകൾ നടത്തുന്നുണ്ട്. സംഘടിത മേഖലയായ കൈത്തറി, കരകൗശലം, കയർ, ഖാദി തുടങ്ങിയവക്ക് പുറമേ അസംഘടിത രംഗത്തെ വലുതും ചെറുതുമായ ഒട്ടേറെ സംരംഭകർക്കും അവരുടെ ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് മുമ്പിൽ പരിചയപ്പെടുത്താനും വിറ്റഴിക്കാനും സർക്കാർ ഒരുക്കുന്ന അവസരം കൂടിയാണ് ഓണം ഫെയറുകൾ. പരമ്പരാഗത മേഖലകൾക്കൊപ്പം വസ്ത്ര നിർമ്മാണം, ഫർണിച്ചർ വ്യവസായം, ഭക്ഷ്യ മേഖല, തുകൽ വ്യവസായം, കളിമൺ, വൈക്കോൽ നിർമ്മിത ചിത്രങ്ങൾ, വാഴനാര് ഉൽപ്പന്നങ്ങൾ ഉൾപ്പെടെ അനേകം ചെറുതും വലുതുമായ സംരംഭകർ അണിനിരക്കുന്നതാണ് ഓണം ഫെയറുകൾ. ആവശ്യക്കാരെ ആകർഷിക്കാൻ കഴിയുന്നത്ര വിലക്കിഴിവും പ്രത്യേക റിബേറ്റും നൽകാൻ സംരംഭകർ ശ്രമിക്കുന്നുണ്ട്. കേരളത്തിന്റെ വ്യാവസായിക വിപ്ലവത്തിന്റെ പരിച്ഛേദം നേരിട്ടറിയാൻ സന്ദർശകർക്ക് ലഭിക്കുന്ന വേള കൂടിയാണ് ഓണം. ഓണത്തിന് കേരളക്കരയിൽ എത്തുന്ന വിദേശ സഞ്ചാരികൾക്കും ഫെയറുകൾ മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിക്കും. ഇത്തരം പ്രദർശന വിൽപ്പന മേളകളിലൂടെ കൈരളിയുടെ തനത് ഉൽപ്പന്നങ്ങൾക്കായി ലോക വിപണിയുടെ വാതായനങ്ങൾ തുറക്കപ്പെടണം. ആഗോള മാർക്കറ്റിൽ കേരളത്തിലെ സംരംഭകർക്ക് സ്വന്തമായി ഒരിടവും മേൽവിലാസവും ഉണ്ടാക്കിയെടുക്കാനും രാജ്യത്തിന്റെ അതിരുകൾ കടന്ന് നമ്മുടെ സ്വന്തം ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ വർധിക്കാനും ഉത്സവമേളകൾ വഴിമരുന്നാകണം.



സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ സർക്കാർ സദാ പ്രതിജ്ഞാബദ്ധമാണ്. വിപണികളിലെ സജീവ സാന്നിധ്യമായ കുടുംബശ്രീ പ്രവർത്തകരായ സഹോദരങ്ങളുടെ കഠിനാധ്വാനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം നൽകി അവരെ കൈപിടിച്ചുയർത്താൻ ഇനിയും താമസമരുത്. ഓണവിപണിയിൽ ആവശ്യത്തിനും അനാവശ്യത്തിനും നമ്മൾ ഒഴുക്കി കളയുന്ന സമ്പത്തിൽ ഒരംശം ഇവർക്കും അവകാശപ്പെട്ടതാണ്. രാപ്പകൽ വിശ്രമമില്ലാതെ വിയർപ്പൊഴുക്കി ആത്മാർത്ഥതയിൽ ചാലിച്ചുണ്ടാക്കിയ ഉൽപ്പന്നങ്ങളുമായി പ്രതീക്ഷകളോടെ ഓണ വിപണിയിലെത്തുന്ന നമ്മുടെ സംസ്ഥാനത്തെ ചെറുതും വലുതുമായ സംരംഭക സഹോദരങ്ങളെ സഹായിക്കേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതും വളർത്തേണ്ടതും ഉപഭോക്താവിന്റെ കടമയാണ്. ഓരോ ഉൽപ്പന്നങ്ങൾ വാങ്ങുമ്പോഴും ഒരു നാടിന്റെ കഠിന പ്രയത്നങ്ങളും വിയർപ്പും സ്വപ്നങ്ങളും കൂടിയാണ് നമ്മൾ വാങ്ങുന്നതെന്ന തിരിച്ചറിവുണ്ടാകണം. ഉൽപ്പന്നങ്ങൾ വാങ്ങുക വഴി പുതിയൊരു ഉപഭോഗസംസ്കാരത്തിന്റെ കാവലാളുകളായി നമ്മൾ മാറുകയാണെന്ന ബോധവും അഭിമാനവും ഉള്ളിലുദിക്കണം. ഓണമെന്ന വാക്കിനെ എല്ലാ അർത്ഥത്തിലും പൂർണ്ണതയിൽ എത്തിക്കേണ്ടത് മലയാളിയുടെയും

# കൈത്തറിയിൽ കണ്ണൂരിന്റെ വിജയഗാഥ






പുത്തൻ യുഗത്തിലെ സാങ്കേതികതകളോട് കൈകോർത്ത് ഉയരങ്ങൾ കീഴടക്കാൻ ഒരുങ്ങുകയാണ് കേരളത്തിലെ കൈത്തറി നെയ്ത്ത് രംഗം. കൈത്തറി നെയ്ത്ത് തൊഴിൽ രംഗത്തും ഉൽപ്പന്ന ഗുണനിലവാരത്തിനും പുകഴ്പെറ്റ കണ്ണൂരിൽ നിന്നും ശുഭകരമായ വാർത്തകളാണ് ഇതോടൊപ്പം പുറത്തുവരുന്നത് .. പുതുയുഗത്തിന്റെ വിപണന സാധ്യതകൾ ഉപയോഗപ്പെടുത്തി കണ്ണൂരിലെ വസ്ത്ര നെയ്ത്തുകാർ ലോക വിപണിയിൽ ഇടംപിടിക്കുന്ന മോഹന കാഴ്ചകൾക്ക് മേടമാസത്തിൽ നാന്നികുറിച്ചു.


ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രദർശന-വിപണന മേളകൾക്കും സർക്കാർ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രദർശന പവലിയനുകൾക്കും അപ്പുറം അന്താരാഷ്ട്ര വിപണന സാധ്യതകൾ തേടിയുള്ള അന്വേഷണങ്ങൾക്കുള്ള വിജയകരമായ ഉത്തരമാണ് കണ്ണൂർ കൈത്തറി. ഇനി മുതൽ ലോകത്ത് എവിടെയും മൗസ് ക്ലിക്കുകളിലൂടെ കണ്ണൂർ കൈത്തറി വസ്ത്രങ്ങൾ ആവശ്യക്കാരനെ തേടി പറന്നു ചെല്ലും. കൈത്തറി ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിൽ എത്തിയതോടെ ഇതര കരകൗശല രംഗങ്ങളും ഇതിന്റെ ചുവടുപിടിച്ചും പാത പിന്തുടർന്നും ലോക വിപണിയിൽ സാന്നിധ്യമറിയിക്കാൻ ഒരുങ്ങുകയാണ്.

കാലത്തിൻറെയും ഒഴിവാക്കാനാവാത്ത ആവശ്യകതയാണ്. സംരംഭക മേഖലകളെ ഏകോപിപ്പിച്ച് ഓണം-ബക്രീദ് ഫെയറുകൾ ഒരുക്കാൻ സർക്കാരും വിവിധ വകുപ്പുകളും സ്വീകരിച്ച മുന്നൊരുക്കങ്ങളാണ് ഇക്കുറി വ്യവസായ കേരളം കവർ സ്റ്റോറിയിലൂടെ പറയാൻ ശ്രമിക്കുന്നത്.

## ഓണപ്രതീക്ഷകളുമായി കൈത്തറി

ഓണവിപണിയിൽ സജീവ സാന്നിധ്യമാകാൻ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ മേഖല ഒരുങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തിൻറെ ദേശീയോത്സവ വിപണിയുടെ വാതിലുകൾ മലർക്കെ തുറന്ന് ഉണർവ്വിന്റെ പുതിയ വിപണന അദ്ധ്യായങ്ങൾ രചിക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളും ഇതോടൊപ്പം ശ്രദ്ധേയമാവുകയാണ്. കൈത്തറി മേഖലകളിൽ അഹോരാത്രം പണിചെയ്തിട്ടും പട്ടിണിയും കടവും ബാധ്യതകളും മാത്രം ബാക്കിപത്രമായ തൊഴിലാളികളുടെ ഉന്നമനത്തിനായും അവരുടെ തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുമായുള്ള സർക്കാർ ശ്രമങ്ങൾ വിജയത്തിലേക്ക് നീങ്ങുന്നതിനോടൊപ്പം ഓണവിപണിയിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ വ്യത്യസ്തമായ വില്പന തന്ത്രങ്ങളും സർക്കാർ ആവിഷ്കരിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 14 ജില്ലകളിലും സംഘടിപ്പിക്കുന്ന ഓണവിപണിയിൽ ഇക്കുറി ഒട്ടേറെ പുതുമകളോടെയാണ് കൈത്തറി, ഖാദി, ഇതര നെയ്ത്ത് വസ്ത്രങ്ങൾ ഉൾപ്പെടെയുള്ളവ പ്രദർശനത്തിനും വില്പ്പനക്കുമായി എത്തുന്നത്.

ഓണം ഫെയറുകൾ ലക്ഷ്യമാക്കി ഉദ്ദേശം 70 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് സംസ്ഥാനത്ത് ആകെ നെയ്ത്ത് പൂർത്തിയാക്കിയിരിക്കുന്നത്.. ഇവയുടെ പ്രദർശന വിൽപ്പനക്കായി സംസ്ഥാനത്ത് ഇരുന്നൂറോളം സ്റ്റാളുകളും തയ്യാറായി കഴിഞ്ഞു. പവലിയനുകളിലേക്ക്




സംസ്ഥാനത്തെ കരകൗശല മേഖല ഒന്നടങ്കം പ്രത്യാശയോടെ പ്രതീക്ഷാനിർഭരമായി നോക്കികാണുകയാണ് അന്താരാഷ്ട്രാ വിപണിയെ. ആമസോൺ എന്ന ലോക പ്രശസ്ത ഓൺലൈൻ വിപണന കമ്പനിയാണ് കണ്ണൂർ കൈത്തറിയെയും കരകൗശല ഉൽപ്പന്നങ്ങളെയും ലോകത്തിന്റെ സമസ്ത കോണിലുമുള്ള ഉപഭോക്താക്കൾക്ക് മുന്നിൽ പരിചയപ്പെടുത്തുന്നത്. കണ്ണൂരിലെ കൂത്തുപറമ്പ് വീവേഴ്സ് സൊസൈറ്റിയാണ് ഓൺ ലൈൻ മാർക്കറ്റിങ്ങിലൂടെ ലോകവിപണിയിൽ ഹരിശ്രീ എഴുതിയിരിക്കുന്നത്. മലയാളികൾക്ക് പുറമേ വിദേശ സഞ്ചാരികൾക്കും ദൈവത്തിന്റെ സ്വന്തം നാടിനെ പ്രണയിക്കുന്ന വിദേശികൾക്കും എക്കാലത്തും ഹരമായ തെയ്യം, തിറ, കളരി തുടങ്ങിയ പരമ്പരാഗത കായികകലാരൂപങ്ങൾ സമന്വയിപ്പിച്ച ഷർട്ടുകൾക്ക് ആമസോണിൽ പ്രിയമേറികഴിഞ്ഞു. 1500 രൂപ മുതൽ ആരംഭിക്കുന്ന കണ്ണൂർ കൈത്തറി ഷർട്ടുകളാണ് പ്രാരംഭഘട്ടത്തിൽ ആമസോണിൽ നിന്നും വാങ്ങാനാവുക. പി.വി അനുശ്രീയാണ് കൈത്തറി വസ്ത്രങ്ങളുടെ രൂപകൽപന ചെയ്തിരിക്കുന്നത്. ഓണം ഫെയറുകൾക്കൊപ്പം വർഷം മുഴുവൻ വിപണന സാധ്യതയുള്ള ഒരിടമാണ് ആമസോൺ, ഫ്ളിപ്കാർട്ട് പോലുള്ള ഓൺലൈൻ മാർക്കറ്റിംഗ് സങ്കേതങ്ങൾ. ഓണത്തോടൊപ്പം കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് അനുകരിക്കാൻ കഴിയുന്ന ഒരു പുതിയ കച്ചവട വിപ്ലവത്തിനാണ് ഇൻറർനെറ്റ് സാധ്യത ഒരുക്കുന്നത്.



ബെഡ് ഷീറ്റുകൾ, ടവ്വലുകൾ, മെയ്ഡ് അപ്പ്സ് എന്നിവയുടെ വിപുലമായ ശ്രേണിയാണ് ഓണവിപണി കാത്തിരിക്കുന്നത്.

സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ്, പ്രദർശന വിൽപ്പന മേളകളിൽ പങ്കെടുക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്ക് ആഗസ്റ്റ് 13മുതൽ സെപ്തംബർ മൂന്നുവരെ 20% റിബേറ്റ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ വസ്ത്രനിർമ്മാണ മേഖല ഒന്നടങ്കം എക്കാലത്തും പ്രത്യാശയോടെ നോക്കിക്കാണുന്ന ഓണവിപണിയിൽ ഇക്കുറി പ്രതീക്ഷകൾക്കൊത്ത് ഉയരുമെന്ന നിഗമനമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നവരും അധികൃതരും വച്ചുപുലർത്തുന്നത്. ഉൽപ്പന്നങ്ങൾക്ക് അവയുടെ ഗുണമേന്മയുടെയും നിർമ്മാണ വൈദഗ്ധ്യത്തിന്റെയും മൂല്യത്തിന്റെയും

അടിസ്ഥാനത്തിൽ ആകർഷണീയമായ വില നിശ്ചയിക്കാനും അതുവഴി തൊഴിലാളിക്ക് അർഹമായ കൂലി ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നടപ്പ് അധ്യായന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന 2,20,148 വിദ്യാർഥികൾക്കായി 9.22 ലക്ഷം മീറ്റർ യൂണിഫോം തുണി നെയ്തെടുക്കാൻ സർക്കാർ ഏൽപ്പിച്ച ഉദ്യമം കൈത്തറി മേഖലക്ക് ഉണർവ്വും ഉത്സാഹവും ഈ സർക്കാരിനോടുള്ള പ്രതീക്ഷയും വച്ചുപുലർത്തുകയാണ്.

അടുത്ത അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ പള്ളിക്കൂടങ്ങളിലെ വിദ്യാർഥികൾക്കായി 22ലക്ഷം മീറ്റർ യൂണിഫോം നെയ്തെടുക്കാനുള്ള ചുമതലയും കൈത്തറി മേഖലക്കാണ്. വർഷം മുഴുവൻ തൊഴിൽ ലഭിക്കാൻ ഇത്തരം പദ്ധതികൾക്ക് കഴിയുമെന്നും ഇതിലൂടെ ഈ തൊഴിൽ മേഖലയെ സംരക്ഷിച്ചു നിർത്താമെന്നും ഇതിനോടകം സർക്കാർ തെളിയിച്ചു കഴിഞ്ഞു. കൈത്തറി മേഖലയെ




പുഷ്ടിപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഒട്ടേറെ പുതിയ വികസന പദ്ധതികൾക്കും ഇതോടൊപ്പം കേരള ഗവൺമെന്റ് രൂപം നൽകിക്കഴിഞ്ഞു. കഴിഞ്ഞ വർഷം ഓണ വിപണിയിൽ 35 കോടി രൂപയുടെ കൈത്തറി ഉൽപ്പന്നങ്ങളാണ് വിറ്റഴിക്കപ്പെട്ടത്. ഇക്കുറി കൂടുതൽ ആവശ്യക്കാരെ ആകർഷിക്കാനും ഇതിലൂടെ വിൽപ്പന വർധിപ്പിക്കാനുമാണ് കൈത്തറി രംഗം ലക്ഷ്യമിടുന്നത്.

## ഓണത്തേരേറാൻ കരകൌശല മേഖല

പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിച്ചു നിർത്താനും കൂടുതൽ ആൾക്കാരെ ഈ രംഗത്തേക്ക് ആകർഷിക്കാനും വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. കരകൗശല ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ സസൂഷ്മം പഠിച്ചും വിലയിരുത്തിയും ഈ മേഖലയിലുള്ളവർക്ക് ആശ്വാസവും കരുത്തും പകരാനുള്ള ശ്രമങ്ങൾ വിജയത്തിൽ എത്തുന്നതോടെ ദൈവത്തിൻറെ സ്വന്തം നാട്ടിലെ കരകൌശല വിദഗ്ദ്ധർക്കും അനുബന്ധ പ്രവർത്തകർക്കും ഏറെ ആശ്വാസിക്കാനുള്ള വകയാകും. ഭാരതത്തിലാകമാനം കാർഷിക രംഗത്ത് പണിയെടുക്കുന്നവർ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തുള്ള തൊഴിൽ തട്ടകം കരകൗശല രംഗമാണ്.

കഴിഞ്ഞ രണ്ടുപതിറ്റാണ്ട് കാലമായി കേരളത്തിലെ കരകൗശല മേഖല ഒട്ടേറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോയത്. പരമ്പരാഗത തൊഴിലായി ഈ മേഖലയിൽ ഉപജീവനം കഴിച്ചവരും, കരകൗശലവിദ്യകളിൽ ആകൃഷ്ടരായി ഈ രംഗത്തേക്ക് കടന്നുവന്ന നവാഗതരും ഉൾപ്പെടെ ഭൂരിഭാഗം പേരും നിരവധി പ്രതികൂല സാഹചര്യങ്ങളിൽപെട്ടുപോയ ഒരു ഭൂതകാലത്തിന്റെ അനുഭവപാഠം ഉൾക്കൊണ്ടവരാണ്. ഒരുകാലത്ത് മനോഹരമായ കരകൗശല വിദ്യകളിലൂടെ സ്വന്തം ജീവിതം ഭംഗിയായി വാർത്തെടുത്തിരുന്ന കുടുംബങ്ങൾ കൂടി ഉൾപ്പെട്ടതായിരുന്നു കേരള സമൂഹം. ആനക്കൊമ്പിലും ചന്ദനത്തിലും കരിവീട്ടിയിലും കുമ്പിളിലും ഉളികളും കതിരുകളും ജന്മം നൽകിയ ശില്പസൗകുമാര്യങ്ങൾ ഒരു സംസ്ഥാനത്തിന്റെ അഭിമാന സ്തംഭങ്ങളായി തുടിച്ചുനിന്ന കാലഘട്ടത്തിന്റെ ദൃക്സാക്ഷികളായിരുന്ന അനേകംപേർ. നിർഭാഗ്യവശാൽ പ്രതികൂല

സാഹചര്യങ്ങളിൽ അറിയാതെ സ്വയം പെട്ടു പോവുകയായിരുന്നു കരകൗശല മേഖല.

സമവായങ്ങൾ നഷ്ടപ്പെട്ട പ്രതിസന്ധികളും അധികൃതരുടെ തെറ്റായ നയങ്ങളും പിടിപ്പുകേടുകളും പിന്നെ പേരറിയാത്ത നിരവധി അനാരോഗ്യ പ്രവണതകളും വരുത്തിവച്ച വറുതിക്കാലം താണ്ടാൻ പെടാപ്പാടുപെട്ട നാളുകൾ. ഹൃദയത്തോട് ചേർത്തുപിടിച്ച് ഉപജീവനമായി കൊണ്ടുനടന്നിരുന്ന സ്വന്തം തൊഴിൽ മനസില്ലാമനസോടെ ഉപേക്ഷിച്ച പലരും പുതിയ തട്ടകങ്ങൾ തേടി. കരകൗശല വിദ്യയെ നെഞ്ചോട് ചേർത്ത്, വറുതിക്കാലത്തിനൊടുവിൽ ഒരു നല്ലകാലം പിറക്കുമെന്ന പ്രതീക്ഷ കൈവിടാതെയുള്ള പലരുടെയും കാത്തിരിപ്പിന് ആശ്വാസം പകരുന്ന നടപടികളുമായാണ് പുതിയ സർക്കാർ രണ്ടാം വർഷത്തിലേക്ക് പദമൂന്നിയത്. ആവശ്യാനുസരണം ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെട്ടിട്ടും വിറ്റഴിക്കാൻ കഴിയപ്പെടാതെ പോകുന്നതാണ് കരകൗശല മേഖലയുടെ ഇന്നത്തെ അപചയത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്.

വിപണിയുടെ ഓരംചേർന്ന് നടക്കാനല്ല, മറിച്ച് കമ്പോളങ്ങളിലെ മുഖ്യധാര പ്രവാഹമാകാൻ കരകൗശല മേഖലയെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളാണ് ഗവൺമെൻറ് ഈ ഓണക്കാലത്തും തുടർന്നും സ്വീകരിച്ചിരിക്കുന്നത്. കരകൗശല മേഖലയിൽ രാജ്യത്താകമാനം 35 ലക്ഷം പേർ ഉപജീവനം കഴിക്കുന്നതായാണ് കണക്കുകൾ. സംസ്ഥാനത്ത് രണ്ടുലക്ഷം പേർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. രാജ്യത്തെ കരകൗശല മേഖലയിൽ നിന്നും പ്രതിവർഷം 36000 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യപ്പെടുമ്പോൾ ഈ ഇനത്തിൽ കേരളത്തിന്റെ വരുമാനം ഇപ്പോൾ 500 കോടി രൂപയാണ്. കേരളത്തിന്റെ തനത് കരകൗശല വിദ്യക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള വിപണികളിൽ കൂടുതൽ ആവശ്യക്കാരെ കണ്ടെത്താനുള്ള സർക്കാരിന്റെ ശ്രമങ്ങൾ പുരോഗമിക്കുകയാണ്.



കേരളത്തിൽ നിന്നുള്ള പ്രതിവർഷം കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതി ഇപ്പോഴത്തെ 500 കോടിയിൽ നിന്നും 1500 കോടി രൂപയിൽ എത്തിക്കാനുള്ള തീവ്രയജ്ഞത്തിനാണ് കാലം സാക്ഷിയാകാൻ പോകുന്നത്. രാജ്യത്തെ കരകൗശല മേഖലയെ അടിമുടി പരിഷ്കരിക്കാനും തൊഴിലാളിക്ക് പരമാവധി അധ്വാന മൂല്യം എത്തിക്കുന്നതിനുമുള്ള പദ്ധതികളും തുടർപദ്ധതികളും ആവിഷ്കരിച്ച് വിജയകരമായി കർമ്മപഥത്തിൽ എത്തിക്കാൻ ഒരുങ്ങുകയാണ് ഈ സർക്കാർ. തൊഴിലിടങ്ങളിൽ പുതിയ അവസരങ്ങൾ സൃഷ്ടിച്ചും ഈ മേഖലയിലേക്ക് പുതിയ സാങ്കേതികത്വങ്ങൾ എത്തിച്ചും നൂതന പദ്ധതികൾ





ആസൂത്രണം ചെയ്യുന്നതിനൊപ്പം ഈ രംഗത്തെ സമസ്ത വികസനത്തിനായി വലിയൊരു തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ചും തൊഴിലാളി സമൂഹത്തിന് കരുത്തും കരുതലും നൽകുന്നതിന് സർക്കാറും വ്യവസായ വാണിജ്യ വകുപ്പും നാന്നികുറിച്ചു കഴിഞ്ഞു.

കരകൗശല മേഖലയുടെ ഉന്നമനത്തിനും തൊഴിലാളികളുടെ അഭിവൃദ്ധിക്കുമായി നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള പദ്ധതികൾക്ക് പ്രാരംഭ ഘട്ടത്തിൽത്തന്നെ വൻ വരവേൽപ്പും പ്രോത്സാഹനവുമാണ് ലഭിച്ചിരിക്കുന്നത്.

നിലവിൽ 500 കോടി രൂപയുടെ മാത്രം ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന ഈ രംഗത്ത് മൂന്നിരട്ടി കയറ്റുമതി, അതായത് 1500 കോടി രൂപയുടെ കയറ്റുമതിയാണ് വിവിധ പദ്ധതികളിലൂടെ വ്യവസായവാണിജ്യവകുപ്പ് ലക്ഷ്യമിടുന്നത്. ഓണം-ബക്രീദ് ഫെയറുകളിലൂടെ വലിയൊരു കച്ചവട വിപ്ലവത്തിന് കരകൗശല മേഖല തയ്യാറെടുത്തു കഴിഞ്ഞു. ഇതിലൂടെ പൊതുവിപണിയിൽ വലിയൊരു കുതിച്ചുചാട്ടം നടത്താനും കരകൗശല മേഖലക്ക് കഴിയുമെന്ന പ്രതീക്ഷകളാണ് ഈ രംഗത്തുള്ളവർ പങ്കുവയ്ക്കുന്നത്.

കരകൗശല മേഖലയിലെ നിലവിലുള്ള എല്ലാ പദ്ധതികളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംയോജിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'ഇന്റഗ്രേറ്റഡ് ആർട്ടിസാൻസ് ഡെവലപ്പ്മെൻറ് പ്രോഗ്രാം' (ഐ.എ. ഡി. പി.). പദ്ധതികളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുകവഴി അവർക്ക് ആവശ്യമുള്ള സാമ്പത്തിക സഹായം നൽകുന്നതിനും അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 35 ലക്ഷം കരകൗശല നിർമ്മാണ തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ലക്ഷ്യം . ഇതിന് പുറമേ 500 കരകൗശല തൊഴിൽ സംരംഭങ്ങളും ആരംഭിക്കും. 3000 കരകൗശല തൊഴിലാളികൾക്ക് ജോലി ഉറപ്പുനൽകുന്നത് കൂടാതെ 1500 തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകി അവരെ സ്വയം പര്യാപ്തമാക്കുകയും ചെയ്യും. ഐ.എ.ഡി.പി പദ്ധതി പൂർണ്ണമായും വിജയിക്കുന്നതോടെ പ്രതിവർഷ കയറ്റുമതി 500 കോടി രൂപയിൽ നിന്നും 1500 കോടിയിലേക്ക് എത്തിക്കുകയാണ് വ്യാവസായ വാണിജ്യ വകുപ്പിന്റെ ലക്ഷ്യം.

ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി പുതിയ സാങ്കേതിക വിദ്യകളുടെ സഹായം തേടുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഡിസൈൻ (എൻ. ഐ. ഡി)പോലുള്ള സ്ഥാപനങ്ങളുടെ സഹായവും സേവനവും ഉപയോഗപ്പെടുത്തും. ഹാന്റിക്രാഫ്റ്റ് മേഖലയിൽ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഓൺ ലൈൻ ബ്രാന്റിംഗ് പോലുള്ള പുതിയ സങ്കേതങ്ങൾ കണ്ടെത്താനും നടപടികൾ നടന്നുവരുകയാണ്. വിനോദ സഞ്ചാര മേഖലയിൽ 'ക്രാഫ്റ്റ് ടൂറിസം' എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ കരകൗശല വിദഗ്ധരും

ഉൽപ്പന്നങ്ങളും ടൂറിസം മേഖലയിൽ കൈകോർക്കും. വിനോദ സഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് പ്രാപ്യമാകും വിധം കേരളത്തിലെ കരകൗശല വൈവിധ്യം മുഴുവൻ ഒരു മേൽകൂരക്ക് കീഴിലാക്കാനുള്ള ശ്രമങ്ങളും വൈകാതെ പ്രവർത്തിപഥത്തിലെത്തും. സംസ്ഥാനത്തെ കരകൗശല നിർമ്മാതാക്കളുടെയും സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സർക്കാർ സംരംഭങ്ങളായ കൈരളി, സുരഭി തുടങ്ങിയ ഷോറൂമുകളിലൂടെ വിപണനം വർധിപ്പിക്കാനും ശ്രമിക്കും. കരകൗശല മെഖലയുടെ സമഗ്ര വികസനത്തിനായി ബഡ്ജറ്റിൽ 565 ലക്ഷം രൂപയാണ് ഈ സർക്കാർ വകയിരുത്തിയിട്ടുള്ളത്. കരകൗശല മേഖലയിലെ അപ്പക്സ് സംഘങ്ങൾ നടത്തുന്ന ഉൽപ്പന്ന വികസനം, വിപണന സഹായം എന്നിവ പദ്ധതിയെ ഊർജ്ജിതപ്പെടുത്തും. കരകൗശല തൊഴിലാളികളുടെ ഏകീകൃത വികസന പരിപാടി (ഐ. എ. ഡി. പി)കളുടെ ഫ്ളാഗ്ഷിപ്പ് ഉൾപ്പെടെയുള്ള പദ്ധതികൾക്കായാണ് 25 കോടി രൂപ ഉപയോഗപ്പെടുത്തുക. കാലാകാലങ്ങളായി ഓണം, കിസ്തുമസ്, പെരുന്നാൾ മുതലായ വിശേഷാവസരങ്ങളിൽ സംഘടിപ്പിക്കുന്ന പ്രദർശന വില്പന മേളകൾക്കും പ്രാദേശികോത്സവങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന വിപണന പവലിയനുകൾക്കും, നാമമാത്രമായ ഇതര വിപണികൾക്കും പുറമേ കേരളത്തിന്റെ തനത് കരകൗശല ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിയിൽ സ്ഥിരമായ ഒരു പവലിയനും ആവശ്യക്കാരെയും കണ്ടെത്താനുള്ള ശ്രമങ്ങളുടെ വിജയം കൂടിയാണ് ഈ ഓണം.

കരകൗശല ഉൽപ്പന്നങ്ങൾ ഇന്റർനെറ്റിന്റെ സാങ്കേതിക സഹായത്തോടെ ലോക വിപണിയിൽ എത്തിക്കാനും ലോകത്തിൻറെ സമസ്ത കോണിലും കേരളത്തിൻറെ കരകൗശലല വൈദഗ്ധ്യം വിളിച്ചറിയിക്കാനുമുളള ശ്രമങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ഈ മേഖലയെ ആശ്രയിച്ചു കഴിയുന്നവർക്ക് ശോഭനമായ ഭാവി വാഗ്ദാനം ചെയ്യുകയാണ്.

ചിങ്ങത്തിലെത്തുന്ന ഓണം മാത്രമല്ല വർഷം മുഴുവൻ ഓണസമാനമായ വിൽപ്പന തന്ത്രങ്ങൾ സൃഷ്ടിച്ച് കരകൗശല രംഗത്തുള്ളവരെ സംരക്ഷിച്ച് നിർത്താനും ഇതര തൊഴിലിടങ്ങളെപ്പോലെ ഈ മേഖലയിലേക്കും നവാഗതരെയും നിക്ഷേപകരെയും ആകർഷിക്കുവാനുമുള്ള സർക്കാരിൻറെയും വിവിധ വകുപ്പുകളുടെയും



ശ്രമകരമായ പ്രവർത്തനങ്ങളുടെ ഏകോപനവും വിജയവും കൂടിയാണ് ഈ ഓണക്കാലം.

## ഓണനിലാവ് പരക്കുന്ന റാട്ടുപുരകൾ

സുവർണ്ണ നൂലുകളിൽ ഇഴപിരിച്ച ചരിത്രസംസ്കാരത്തിന്റെ അവകാശിയായ കയർ മേഖല ചിങ്ങത്തിൽ ഒരു പുനർജന്മത്തിന് ഊഴം കാക്കുകയാണ്. രാപ്പകൽ ഭേദമന്യേ തൊണ്ട് തല്ലുന്ന ശബ്ദങ്ങളാൽ മുഖരിതമായിരുന്ന കായലോരങ്ങളും ഇടതടവില്ലാതെ കറങ്ങിയ റാട്ടുകളുടെയും ഈറ്റില്ലമായ കേരളം, ഒരു ചരിത്ര സംസ്കാരത്തിൻറെ ശേഷിപ്പുകൾ മാത്രമായിപ്പോയ നിർഭാഗ്യത്തിൽ നിന്നും രണ്ടാം പിറവിയുടെ പേറ്റുനോവ് അനുഭവിക്കുകയാണ്. കേരളത്തിൻറെ പരമ്പരാഗത കയർ വ്യവസായ മേഖലയിൽ ഉപജീവനം നടത്തുന്ന മൂന്ന് ലക്ഷം തൊഴിലാളികളുണ്ട്. ഇതിൽ 75 ശതമാനം പേരും വനിതകളാണ്. കേരനാട്ടിൽ പത്തുലക്ഷത്തിലധികംപേരുടെ വിശപ്പകറ്റിയതും അവരുടെ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ചതും മോഹങ്ങൾ ചേക്കേറ്റിയതും കയറും ചകിരി ഉൽപ്പന്നങ്ങളുമാണ്.

കയർ ഉൽപ്പന്നങ്ങളുമായി കെട്ടുവള്ളങ്ങൾ ഇടതടവില്ലാതെ കായലിലെ കടവുകളിൽ നിന്നും കമ്പോളങ്ങളിലേക്ക് തുഴഞ്ഞിരുന്ന ഒരു ഭൂതകാലം ഈ മേഖലയുടെ ശുക്രദശ വിളിച്ചോതുന്നു. തെങ്ങിൻ തോപ്പുകളിൽ തൊണ്ടിനായി കങ്കാണികൾ ഉറക്കമിളച്ച് കാത്തുകിടന്ന ഒരു നല്ലകാലം കേരളത്തിലെ കയർ മേഖലക്ക് സ്വന്തമായുണ്ടായിരുന്നു.

പ്രതിവർഷം 600 കോടി നാളികേരം ഉദ്പാദിപ്പിക്കപ്പെടുന്ന കേരളത്തിൽ നിലവിൽ അതിന്റെ മൂന്നിലൊന്നുപോലും തൊണ്ട്, കയർ മേഖലക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത ദൌർഭാഗ്യതയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ ദുരവസ്ഥയിൽ നിന്നും കരകയറാൻ ശ്രമിക്കയാണ് കയർ മേഖല. ചകിരി-കയർ നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി നിരീക്ഷിച്ചും പഠിച്ചും സർക്കാരും ധനകാര്യ-കയർ വകുപ്പും സംയുക്തമായി തയ്യാറാക്കുന്ന പുതിയ പദ്ധതികൾ ഈ മേഖലക്ക് വരും കാലങ്ങളിൽ താങ്ങും തണലുമാകുമെന്നതിൽ യാതൊരു സംശയവും വേണ്ട. പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ കയർ സഹകരണ പ്രസ്ഥാനങ്ങൾക്ക് പുറമേ, കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെടെയുള്ള നൂറുകണക്കിന് ആൾക്കാർക്കും ഈ മേഖല തൊഴിൽ ലഭ്യതയും ഉറപ്പാക്കും. കയർ മേഖലയുടെ ഇന്നത്തെ ആവശ്യങ്ങൾ കണ്ടറിഞ്ഞുള്ള എല്ലാത്തരം യന്ത്രങ്ങളും നിർമ്മിക്കുന്നത് ആലപ്പുഴയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള കേരള കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിയാണ്. 50 മുതൽ 90 ശതമാനം വരെ സബ്സിഡി നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് ഡീഫൈബറിംഗ് മെഷീൻ ഇവിടെനിന്നും ലഭ്യമാക്കുന്നുണ്ട്. കയർ സഹകരണ മേഖലയിലും, കുടുംബശ്രീ, സ്വകാര്യ മേഖലകളിലും തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 1000 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്.

സംസ്ഥാനത്ത് രൂക്ഷമായിട്ടുള്ള ചകിരി



ക്ഷാമം പരിഹരിക്കുന്നതിനായി തൊണ്ട് ലഭ്യതയുള്ള പ്രദേശങ്ങളിൽ പ്രതിദിനം 8000 മുതൽ 30000 വരെ തൊണ്ടിൽ നിന്നും ചകിരി ഉദ്പാദിപ്പിക്കാൻ ശേഷിയുള്ള ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കും. കയർ ഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവരാണ് ഈ പദ്ധതികൾക്ക് നാന്നികുറിച്ചത്. ഇവരുടെ സംയുക്താഭിമുഖ്യത്തിൽ പ്രതിദിനം 30000 തൊണ്ട്, ചകിരി ആക്കുന്നതിനുള്ള ഡീഫൈബ റിംഗ് മില്ലുകൾ ഉടൻതന്നെ കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ച് കഴിഞ്ഞു.

കുടുംബശ്രീ മുഖേന തളിപ്പറമ്പ് നിയോജക മണ്ഡലത്തിൻ കീഴിൽ പ്രതിദിനം 8000 തൊണ്ട് സംസ്ക്കരിക്കുന്നതിനുള്ള ഡീഫൈബ റിംഗ് മെഷീൻ ഇതിനിടെ സർക്കാർ സ്ഥാപിച്ചു കഴിഞ്ഞു. കയർ പിരി സംഘങ്ങൾ, ഡിഫൈബ റിംഗ് സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ,



ചെറുകിട ഉല്പാദക സംഘങ്ങൾ എന്നിങ്ങനെ നാല് വിഭാഗങ്ങളാണ് സംസ്ഥാനത്തെ കയർ മേഖലയിൽ പ്രധാനമായുമുള്ളത്. ഏറ്റവും കൂടുതൽ സംഘങ്ങൾ പ്രവർത്തിക്കുന്നത് കയർപിരി മേഖലയിലാണ്.

സർക്കാർ നടപ്പിലാക്കുന്ന 'വരുമാനം ഉറപ്പാക്കൽ പദ്ധതി' പ്രകാരം തൊഴിലാളിക്ക് പ്രതിദിനം 300 രൂപ വേതനം ഉറപ്പാക്കാൻ ഇപ്പോൾ തന്നെ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. കയർ ഭൂവസ്ത്രം (കയർ ജിയോ ടെക്സ്റ്റൈൽസ്) ഉപയോഗിച്ച് നീർത്തട സംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകിയതും കയർമേഖലയുടെ ശക്തമായ തിരിച്ച് വരവിന് കളമൊരുക്കി. ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലെ കുളങ്ങൾ, ബണ്ടുകൾ എന്നിവ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുള്ള വിപുലമായ പദ്ധതിക്ക് ധനകാര്യ-കയർ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ചു കഴിഞ്ഞു. കയർ മേഖലയിലെ ഗവേഷണ ഏജൻസിയായ 'നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിട്ട്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുകയാണ്. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മിൽ എന്നീ സ്ഥാപനങ്ങളാണ് കയർ ഭൂവസ്ത്രം പദ്ധതിയുടെ നോഡൽ ഏജൻസികൾ.


2017-18 വർഷം 50 മുതൽ 75 കോടിരൂപ വരെയുള്ള കയർ ഭൂവസ്ത്രം ആവശ്യമായി വരുമെന്നാണ് കണക്കുകൾ. ഇതിന്റെ ആത്യന്തികമായ ഗുണഫലം എത്തപ്പെടുന്നത് കയർ തൊഴിലാളികളുടെ കൈകളിലേക്കാണ്. ഇതിനൊക്കെപ്പുറമേ കയറും കയർ ഉൽപ്പന്നങ്ങളും ലഭ്യമല്ലാത്ത അന്യസംസ്ഥാനങ്ങളിലെ വിപണികളും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

ഓണം-ബക്രീദ് ഫെയറുകൾ പോലുള്ള മേളകൾ സംഘടിപ്പിച്ച് കയർ മേഖലയിൽ നിക്ഷേപ സാധ്യതകളും സർക്കാർ ആരായുന്നു. നിരവധി ബ്രഹത് പദ്ധതികളും സാങ്കേതിക സഹായവും സബ്സിഡി ഉൾപ്പെടെയുള്ള സാമ്പത്തിക സംരക്ഷണവും കരുതലുമായി കയർ മേഖലയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ പരമാവധി ശ്രമിച്ചു വരുകയാണ്.

സംസ്ഥാനത്തിന്റെ ദേശീയോത്സവമായ ഓണം ഉൾപ്പെടെയുള്ള ആഘോഷങ്ങളോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രദർശന



Hans Papers
Hans Bhavan, N.X. Joseph Road, Kundanoor, Maradu (P.O.)
Ernakulam - 682 304, Kerala
Ph: 0484-2706967 / 68 & 2705644, Fax: 0484-2706964
E-mail: hanspapers428@yahoo.com, hanspapers428@gmail.com
Website : paperproductskerala.com
Leading manufacturers in Kerala for
Products:
Pre-printed Bank ATM paper rolls (For all ATMs) (Thermal & Non-Thermal)
ATM Receipt Printer paper rolls (RP Thermal rolls)
ATM Journal Printer paper rolls (ATM JP Thermal rolls)
POS Thermal Paper rolls for swiping machines
Medical Equipment Thermal Paper rolls & graphs
Electronic Ticketing machine rolls (Bus ticket rolls)
Billing rolls (Thermal & Non-Thermal)
Color Thermal Paper rolls (POS)
Toll Plaza ticket rolls
Multiplex Cinema Ticket Rolls (Printed with numbering)
Pre-printed computer continuous paper
Other products marketed :
Ribbon Cartridges (For ATM RP/JP Printers)
Cash Deposit Printer Ink Cartridge
Ribbon Cartridge for Pass book entry printer
Aeroplane Boarding pass & baggage Tag
Pre-printed labels & stickers
Hans Papers
Estd 2003
House of Thermal Sensitive paper
Indian & Imported Papers
Our Associate Concerns : M/s. Raaj Products & M/s. Elegant Enterprises

₹ 5/- only
TM
Poong's
Cheese
Balls
Masti aur Maaza
Manufactured & Marketed by
POONGAADAN PRODUCTS
Kaladi (PO), Malappuram (Dist.), Kerala - 679582
Customer Care No. : 91-7561083756
E-mail : poongaadanproducts@gmail.com
100%
Natural Food
No Oil Fried

വില്പന ശാലകളിൽ കയറിനും കയർ ഉൽപ്പന്നങ്ങൾക്കും മാന്യമായൊരിടം നൽകാനും ഈ മേഖലയെ കഴിയുന്നത്ര പരിപോഷിപ്പി ക്കാനുമുള്ള നടപടികൾ നിർവിഘ്നം തുടരുക യാണ്. സിന്തറ്റിക്ക് ഉപഭോഗ വസ്തുക്കളുടെ കടന്നുകയറ്റം വരുത്തിവച്ച അനാരോഗ്യങ്ങളെ സംബന്ധിച്ച് വൈകിയാണെങ്കിലും ബോധമുദിച്ച പ്രബുദ്ധജനതക്കിടയിൽ ഇതിനോടകം കയറിനും അനുബന്ധ ഉൽപ്പന്നങ്ങൾക്കും സ്വീകാര്യത വർധിച്ചതും ഈ മേഖലക്ക് കൈത്താങ്ങായിട്ടുണ്ട്. നിത്യോപയോഗ വസ്തുവായ നാളികേരത്തിൻറെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും നിർമ്മിച്ചെടുക്കുന്ന കയറിനും കയർ ഉൽപ്പന ങ്ങൾക്കും വിപണിയിൽ ആവശ്യക്കാർ കൂടി വരുന്നതായാണ് പഠനങ്ങൾ പറയുന്നത്. മിക്ക പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾക്കും ഭാഗിക നിയന്ത്രണവും ചിലതിനെല്ലാം നിരോധവും വന്നത് കയർ മേഖലക്ക് സഹായകമായിട്ടുണ്ട്. ഹരിത സൗഹൃദ പാരിസ്ഥിതിയിലേക്കുള്ള കാൽവെയ്പ്പിന് വീട്ടിലൊരു കയർ ഉൽപ്പന്ന മെന്നതാകട്ടെ ഇത്തവണത്തെ ഓണസന്ദേശം.

## ഓണവിപണിയിലെ ചെറുകിട സംരംഭങ്ങളും കുടുംബശ്രീകളും

കേരളത്തിലെമ്പാടും വ്യാപിച്ചുകിടക്കുന്ന അനേകം ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിർമ്മിക്കപ്പെടുന്ന ഉത്പന്നങ്ങൾക്കും കുടുംബ ശ്രീ നിർമ്മിത ഉൽപ്പന്നങ്ങൾക്കും സംസ്ഥാന ത്തിന്റെ സാമ്പത്തിക ഭൂപടത്തിൽ വലിയ സ്ഥാനമാണുള്ളത്. വിവിധ സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ഇത്തരം സംരംഭങ്ങളെ ഏകോപിപ്പിക്കാൻ സർക്കാർ തലത്തിൽ പ്രാരംഭ നടപടികൾ പൂർത്തിയായിവരുകയാണ്.

ചെറുകിട സംരംഭകരെപ്പോലെ കുടുംബശ്രീ പ്രവർത്തകർക്കും വ്യവ സായവകുപ്പ് കഴിയുന്നത്ര പ്രോത്സാഹനവും സഹായങ്ങളും നല്കിവരുന്നു. കളിമൺ ഉല്പ്പന്നങ്ങൾ, വാഴനാര് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ, വയ്ക്കോൽ നിർമ്മിത ചിത്രങ്ങൾ, മൺവ്യവസായം, സ്ക്രൂപെൻ, ബെൽമെറ്റൽ, തടിയധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്നീ മേഖലകൾക്ക് ഇതര തൊഴിൽ രംഗത്തുള്ളതുപോലെ ശ്രദ്ധയും സംര ക്ഷണവും സഹായങ്ങളും നൽകാനുള്ള നടപടി കളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ക്ലസ്റ്ററുകൾ രൂപീകരിച്ച് ആധുനിക രീതിയിലുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും സഹായത്തോടെ കളിമൺ ഉൽപ്പന്നങ്ങളുടെയും വാഴനാര് ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും സി.എഫ്. എസ്.സി സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്ക് വ്യവസായ വാണിജ്യ വകുപ്പ് രൂപം നൽകികഴിഞ്ഞു. ഇതിനായി 25 കോടി രൂപയുടെ പ്രപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിരിക്കയാണ്. പ്രസ്തുത മേഖലകളിൽ ക്ലസ്റ്ററുകൾ, സി.എഫ്.എസ്. സി എന്നിവ സ്ഥാപിക്കുന്നതിനും, 11 ജില്ലകളിലായി നടപ്പിലാക്കിവരുന്ന 'വസ്ത്രഗ്രാമം' പദ്ധതിക്കായി കരകൗശല തൊഴിലാളികളുടെ ഏകീകൃത വികസന പരിപാടി (ഐ. എ. ഡി. പി.)കളുടെ ഫ്ളാഗ്ഷിപ്പ് ഉൾപ്പെടെയുള്ള പദ്ധതികൾക്കു മായാണ് 25കോടി രൂപ വിനിയോഗിക്കുക. സംസ്ഥാനത്തെ ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങളെയും കുടുംബശ്രീ യൂണിറ്റുകളിൽ നിർമ്മിക്കപ്പെടുന്ന ഭക്ഷണപദാർഥങ്ങൾ ഉൾപ്പെ ടെയുള്ള ഉൽപ്പന്നങ്ങളെയും പൊതുവിപണിയിൽ എത്തിച്ച് നിർമ്മാതാക്കൾക്ക് മിനിമം വേതനവും ഉൽപ്പന്നങ്ങൾക്ക് മൂല്യാതാധിഷ്ഠിത വിലയും ഉറപ്പാക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ ഓണത്തോടെ വിജയപഥത്തിലെത്തുമെന്നാണ് പ്രതീക്ഷ. പ്രാദേശിക തലങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഇത്തരം ചെറുകിട സംരംഭകർക്ക് ദേശീയ അന്തർ ദേശീയ തലത്തിലെ വിപണികളിലെ സാധ്യതകൾ പരിചയപ്പെടു ത്താനുള്ള പരിപാടികൾക്കും സർക്കാർ ആലോചിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ മേഖല, കാർഷിക രംഗം, ഭക്ഷ്യോൽപാദകർ, പേപ്പർ ബാഗ് നിർമ്മാതാക്കൾ, ചിരട്ട ഉപയോഗിച്ചുള്ള കൗതുക വസ്തുക്കളുടെയും ഉപകരണങ്ങളുടെയും നിർമ്മാതാക്കൾ, മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണ സംരംഭകർ തുടങ്ങി കേരളത്തിലെ ചെറുതും വലുതുമായ നിർമ്മാണ യൂണിറ്റുകളെ അടുത്തറിയാനും അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കാനും ഓണം ഫെയർ പോലുള്ള മേളകൾക്ക് കഴിയും. ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രിന്റ് മീഡിയകളിൽ മുതൽ ഇലക്ട്രോണിക് മാധ്യമങ്ങളിൽ വരെ ലക്ഷങ്ങൾ മുടക്കുന്ന ബ്രാൻഡ് ചെയ്യപ്പെട്ട കമ്പനികളെക്കാൾ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും പ്രാദേശിക തലത്തിൽ ഇവയ്ക്ക് പ്രചുരപ്രചാരം



നേടിയെടുക്കാനും കേരളത്തിലെ കുടുംബശ്രീ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ടെന്നത് അഭിനന്ദനം അർഹിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ മുമ്പെങ്ങുമില്ലാത്ത വിധം സ്വീകാര്യതയും വിശ്വാസ്യതയുമാണ് കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ലഭിച്ചുതുടങ്ങിയിരിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കണ്ടും കേട്ടുമറിയാനും പഠിക്കാനും വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധി സംഘങ്ങൾ എത്തുന്നത് പുത്തൻ പ്രതീക്ഷകൾക്ക് കളമൊരുക്കുന്നു. നമ്മുടെ പാതകളുടെ ചുവട് പിടിച്ച് വിവിധ രാജ്യങ്ങൾ കുടുംബശ്രീ മാതൃകകൾ പിന്തുടരാൻ തയ്യാറെടുക്കുകയാണ്. കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്താൻ സർക്കാർ സംഘടിപ്പിക്കുന്ന മേളകളിലൂടെയും ഫെയറുകളിലൂടെയും പരമാവധി ശ്രമിച്ചുവരുന്നുണ്ട്. ഓണം, ക്രിസ്തുമസ്, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളുടെ ഭാഗമായി ജില്ലാതലങ്ങളിലും പ്രാദേശികാടിസ്ഥാനത്തിലും സർക്കാർ സംഘടിപ്പിക്കുന്ന പ്രദർശന വില്പന മേളകളിൽ പരമാവധി കുടുംബശ്രീ യൂണിറ്റുകളുടെ സാന്നിധ്യം ഉറപ്പാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്.

ചെറുകിട സംരംഭകരുടേയും കുടുംബശ്രീ പ്രവർത്തകരുടേയും ഉൽപ്പന്നങ്ങൾ ഓണവിപണിപോലുള്ള മേഖലകളിലൂടെ പൊതുസമൂഹത്തിന് മുന്നിൽ പരിചയപ്പെടുത്തുക വഴി കച്ചവട സാധ്യത വർധിപ്പിക്കാനാവും. കേരളത്തിന്റെ കുടുംബ സാമൂഹിക സാമ്പത്തികാവസ്ഥയിൽ വലിയ മാറ്റങ്ങളിലേക്ക് ഇത്തരം മേളകൾ വഴിതുറക്കും. നമ്മുടെ അമ്മമാരും സഹോദരിമാരും നിർമ്മിച്ചെടുത്ത ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, അവരുടെ തൊഴിൽ മേഖലയെ സംരക്ഷിച്ചുനിർത്തുന്നതിനുമുള്ള ബാധ്യത പ്രബുദ്ധകേരളത്തിലെ ഉപഭോക്താക്കൾ ഏറ്റെടുക്കുമെന്ന പ്രത്യാശയും പ്രതീക്ഷയുമാണ് ഓണനാളുകളിൽ വ്യവസായ കേരളത്തിന് പങ്കുവയ്ക്കാനുള്ളത്.



MC INDUSTRIES
Kizhuparamba
IS 14543
PACKAGE DRINKING WATER
We bring to you the goodness if Mother Nature by a 9 Stage purification and sterilization process that includes Reverse Osmosis, Ozonisation and Ultraviolet Sterilization. Processed and packaged in a fully automated plant and ISI certified by the Bureau Of Indian Standards,Aquawin is free from all water - borne germs.
AQUA
Win
PACKAGED DRINKING WATER
Ph :0483 2858061
Our Branch >>>
GRACE INDUSTRIES
Kanniparamba,Movoor
AQUA
Liva
AQUA
MINARWA
Packaged Drinking Water
പ്രകൃതിയുടെ വരദാനം നിങ്ങളുടെ പടിവാതിൽക്കൽ
Ph : 9496 672 580

എഴുമാവിൽ രവീന്ദ്രനാഥ്

# വിടരുന്ന പുഷ്പവിപണി

വീണ്ടുമൊരു ഓണക്കാലം കൂടി. അത്തം മുതൽ പത്തു നാൾ കൊണ്ട് കേരളം പൂക്കൾക്കായി പൊടിക്കുന്നത് മൂന്നരക്കോടി രൂപയാണ്. അരളി, ജമന്തി, കൊങ്ങിണിപ്പൂവ്, വാടാമുല്ല, പ്രംറോസ്, പിച്ചി, മുല്ല, റോസ്, താമര എന്നിങ്ങനെ ഒമ്പതിനം പൂക്കളും പന്നൽച്ചെടിയുമുൾപെടെ അത്തപ്പൂക്കളത്തെ നയനാഭിരാമമാക്കുവാനും മലയാളിമങ്കകൾക്ക് മുടിയിൽ ചൂടുവാനുമായിട്ടാണ് ഇത്രയും തുക. ഇതിൽ 90 ശതമാനത്തിലേറെയും കർണാടകത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമാണ് അതിരാവിലെ കേരള വിപണികളിലെത്തുന്നത്. രണ്ടു സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇരുപതിനായിരത്തോളം വരുന്ന കർഷകരുടെ തൂവേർപ്പുമുത്തുകളാണിവിടെ പൂക്കളങ്ങളെ നയനാഭിരാമമാക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിൽ പോലും പൊൻമുത്ത് വിളയിക്കുന്ന മറുനാടൻ കർഷകർക്കാവട്ടെ ഈ വർഷത്തെ ഓണാശംസകളാദ്യം.

പൂക്കളെ നാം കാട്ടുപൂക്കളെന്നും നാട്ടുപൂക്കളെന്നും തരംതിരിച്ചിരുന്നു. മുറ്റത്തു നട്ടു വളർത്തുന്ന ചെത്തിയും, പിച്ചിയും, മുല്ലയും ജമ





ലഭിക്കുമെന്നാണിതിനർത്ഥം. നമ്മുടെ വിശേഷദിനങ്ങളെയാകെ പുഷ്പോത്സവമാക്കി മാറ്റുവാൻ പാടു പെടുന്നവർക്ക് കൈ നിറയെ പണം കിട്ടുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. പയ്യെ പുഷ്ഷകൃഷിയിൽ നമുക്കും അരക്കൈ നോക്കിയാലെന്താ? ഈ ഒരു ചിന്തയിലേയ്ക്ക് വായനക്കാരെ നയിക്കാനാണ് ലേഖകൻ ആഗ്രഹിക്കുന്നത്.

നാടൻ വളങ്ങൾ കൊണ്ട് ചൂടൻ പൂ തരുന്നവയാണ് നമ്മുടെ പൂച്ചെടികളിൽ പലതും. ചാണകപ്പൊടിയും, ചാമ്പലും, വേപ്പിൻ പിണ്ണാക്കും, എല്ലു പൊടിയുമൊക്കെ തമിഴകത്തും കന്നടത്തിലും പുഷ്പ സമൃദ്ധി വിരിയിക്കുന്നത് നമുക്കെന്തുകൊണ്ടും മാതൃകയായിരിക്കും. ചെത്തി, അരളി, മുല്ല, ജമന്തി എന്നിവയും തുളസിയുമാണ് പൂജാപുഷ്പങ്ങളെന്ന നിലയിൽ ഏറെ പ്രചാരത്തിലുള്ളത്. വിസ്മയക്കാഴ്ചകളുമായി വിവിധതരം റോസാപ്പൂക്കളും തൊട്ടുപിന്നാലെയുണ്ട്. വാടാമുല്ലയും, ഇതളേറെയുള്ള ചെമ്പരത്തിയും, കൊങ്ങിണിപ്പൂവും (ബന്തി) അരളിക്കും മുല്ലയ്ക്കുമൊപ്പം ആഘോഷവേളകളെ വർണാഭമാക്കുവാനെത്തുന്നു.

പ്രത്യേക പരിചരണങ്ങളില്ലാതെ തന്നെ വളരാനും പടരാനും പൂ ചൊരിയാനും അരളികൾക്കും, ചെമ്പരത്തിക്കും തെറ്റിക്കുമുള്ള കഴിവ് ഒന്നു വേറെ തന്നെയാണ്. ഇളംചുവപ്പ്, കടും ചുവപ്പ്, പിങ്ക്, വെള്ള തുടങ്ങിയ നിറങ്ങളിലുള്ള അരളികൾ അലങ്കാരത്തിനും ആചാരാനുഷ്ഠാനങ്ങൾക്കുമായി വ്യാപകമായി ഉപയോഗിച്ചു വരുന്നു



ണ്ട്. വ്യത്യസ്ത വർണങ്ങൾക്കൊപ്പം ഹൃദ്യമായ സുഗന്ധവും പകർന്നു തരുന്നവയാണീ പൂക്കൾ. മണമില്ലെങ്കിലും കടുംമഞ്ഞ നിറത്തിൽ കുലകുലയായി വിടർന്നു നിൽക്കുന്ന ശിവതരളിയും അലങ്കാരങ്ങൾക്കായി പ്രചരിപ്പിക്കാവുന്നവയാണ്. വരണ്ട കാലാവസ്ഥയിൽ തഴച്ചു വളരുന്ന അരളികൾക്ക് തെക്കൻ കേരളത്തിൽ സാധ്യതകളേറെയാണ്. സീസണനുസരിച്ച് 40 രൂപ മുതൽ 250 രൂപ വരെ വില വരുന്നവയാണ് ഈ പൂക്കൾ.

കൊങ്ങിണിപ്പൂവിനും വാടാമുല്ലയ്ക്കും സ്ഥിരമായ ഒരു വിപണി ഇവിടെയുണ്ട്. മറ്റൊന്നാണ് തെറ്റിപ്പൂവ് (ചെത്തി). ഇതിൽ കുലകുലകളായി പൂ ചൊരിയുന്ന കുടത്തെറ്റിയാണ് ഏറ്റവും പഥ്യം. ഇതിന്റെ കടുംചുവപ്പ് പൂക്കൾക്ക് വർഷം മുഴുവനും വൻ ഡിമാന്റാണ്. പ്രത്യേകിച്ചും പൂജക്കാണിവ ഉപയോഗിക്കപ്പെടുന്നത്. ഒപ്പം മഞ്ഞയും, കാവിയും, കുങ്കുമവർണവുമുള്ള തെറ്റിപ്പൂക്കളും വിരളമായെങ്കിലും ലഭ്യമാണ്. വീട്ടുമുറ്റങ്ങളിലല്ലാതെ തെറ്റിപ്പൂ കൃഷി ചെയ്യുന്ന (വാണിജ്യാടിസ്ഥാനത്തിൽ) ഒരു കർഷകൻ പോലും ഇവിടെയില്ലെന്നതാണ് സത്യം.

പാഴ് നിലങ്ങളിലും സൂര്യപ്രകാശവും നീർവാർച്ചയുമുള്ള സ്ഥലങ്ങളിലും വ്യാപകമായും ഇടവിളയായും പൂകൃഷി നടത്താം. ജൈവമാലിന്യങ്ങൾ ഇവയ്ക്ക് പ്രിയങ്കരമാണ്. ഭാഗികമായോ പൂർണമായോ ഉണക്കിയെടുത്ത ജൈവമാലിന്യങ്ങളെ മണ്ണിൽ കലർത്തി ഉഴുതുമറിച്ച് തടങ്ങളെടുത്ത്, ശാസ്ത്രീയമായി വളർത്തിയെടുത്ത തൈകൾ നടുകയും അവ തടങ്ങളുമായി താദാത്മ്യം പ്രാപിക്കും വരെ നിത്യവും ജലസേചനം നടത്തുകയും വേണം. ഓരോ ചെടിയുടേയും വളർച്ചയും പടർപ്പുമനുസരിച്ച് നിശ്ചിത അകലങ്ങളെടുത്തു വേണം നടുവാൻ. ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്ത തൈകളും വിദഗ്ധോപദേശം നൽകാൻ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുമുണ്ട്. പുഷ്പകൃഷിക്കായി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനും, സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും ധനസഹായം നൽകി വരുന്നുണ്ട്. മറ്റു കൃഷികൾ ലാഭകരമല്ലെന്ന് പരിവേദനം മുഴക്കുന്നവർക്ക് ഇനി വർണശബളവും സുഗന്ധപൂരിതവുമായ ഒരു സംരംഭത്തിലേക്കൊന്നു ചുവടു മാറ്റിയാലോ?

ഓണത്തിനൊരു മുറം പച്ചക്കറിയും ഒരു പറനെല്ലുമെന്ന ലക്ഷ്യവുമായി സർക്കാർ മുന്നേറുകയാണ്. ജൈവകൃഷി രീതിയിലൂടെ കേരളീയരുടെ ഓണ ഉപഭോഗത്തിലെ സിംഹഭാഗവും നിറവേറുവാൻ നമുക്കാവും. ഇനി ഒരു കൂടപ്പൂവും കൂടി അടുത്ത ഓണത്തിന് ഓരോ വീടും ലക്ഷ്യമാക്കിയാലോ? അദ്ധ്വാനശീലരായ മലയാളികൾക്ക് അതും അതിനപ്പുറവുമാവും. അവർക്കു കൂട്ടായി ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടവും ഇവിടെയുണ്ട്.

# ബഡ്ജീസ്
## എന്ന ബഡ്ജറിഗറുകൾ



വ്യാവസായികമായി തുടങ്ങാവുന്ന ഒരു അരുമപക്ഷിപരിപാലനം ഏതെന്ന് ചോദിച്ചാൽ ഉത്തരം ഒന്നേയുള്ളൂ. കുഞ്ഞു തത്തകളായ ബഡ്ജീസുകളോടൊപ്പം പോരൂ അവർ മടിശ്ശീല നിറച്ചുകൊള്ളും. ബഡ്ജീസ് എന്ന കുഞ്ഞുപേരിൽ അറിയപ്പെടുന്ന ഈ പക്ഷികൾ ഇന്ന് ലോകമെമ്പാടും വലിയ യജമാനന്മാരുടെ അരുമകൾ തന്നെ. ലക്ഷക്കണക്കിന് പച്ചനിറത്തിലുള്ള പക്ഷികളായി ആസ്ട്രേലിയൻ വനാന്തരങ്ങളിലൂടെ പറന്നുനീങ്ങുന്ന ആ കാഴ്ച കണ്ട് സായിപ്പ് അമ്പരന്നുനിന്നു. യൂക്കാലിപ്റ്റസ് മരങ്ങളിലും നീർച്ചോലകളിലും പാട്ടുപാടി ഉല്ലസിച്ച് തിമിർത്ത അവരെ ബഡ്ജറിഗാർ അഥവാ നല്ല ആഹാരം എന്നർത്ഥം വരുന്ന പേരിട്ടതും സായിപ്പ് തന്നെ. മെലോസിറ്റാക്കസ് അൻഡുലേറ്റസ് എന്ന ശാസ്ത്രനാമത്തിന്റെ അർത്ഥം നിർത്താതെ ഇമ്പമേറിയ പാട്ടുകൾ പാടുന്ന തത്ത എന്നു തന്നെ.

ഹരിതം തുളുമ്പുന്ന മേനിയിൽ നഖനിറത്തിലെ തത്തച്ചുണ്ടും കവിൾമറുകുകളുമൊക്കെ ചേർന്ന ബഡ്ജീസുകൾ ഏറ്റവും കൂടുതൽ പേർ അരുമകളായി വളർത്തുന്ന പക്ഷികളാണ്. ഒരു പക്ഷേ ലൗബേർഡ്സ് എന്ന് ഏറെപ്പേരും തെറ്റായി വിളിക്കുന്ന ഇവർ തന്നെയാകണം ഇന്ന് ഏറ്റവും കൂടുതൽ അരുമസ്നേഹികളുടെ ഭവനങ്ങളിൽ കുടിയേറുന്നത്.

**ആരോഗ്യവും അഴകുമുള്ള പുതിയ തലമുറയെ വാർത്തെടുക്കണമെങ്കിൽ സെലക്ടീവ് / കേഡ് ബ്രീഡിംഗ് അത്യാവശ്യമാണ്. പക്ഷികളുടെ നിഗൂഡനിറപ്രപഞ്ചത്തിൽ ഒളിഞ്ഞുകിടക്കുന്ന വർണ്ണ-രൂപ ജനിതകത്തെ കണ്ടെത്താനും സെലക്ടീവ് ബ്രീഡിംഗിന് അവസരമുണ്ട്.**

## വർണ്ണമേളനൃത്തം ബഡ്ജീസുകളിൽ

തലപ്പൂവും മേനിയഴകും അധരസൗന്ദര്യവുമൊക്കെ ചമച്ച് മരക്കൊമ്പിൽ വരിവരിയായി നിരന്നിരിക്കുന്നവരാണ് ബഡ്ജീസുകൾ. വർണ്ണവിന്യാസമാണ് ഇവയുടെ വില നിശ്ചയിക്കുന്നതിൽ പ്രധാന ഘടകം. പച്ചയും നീലയുമാണ് അടിസ്ഥാനമേനിവർണ്ണം. കഴുത്തിലെയും ചിറകിലെയും കറുത്ത രേഖകളെ മുഖവർണ്ണം തന്നെ വേർതിരിക്കുന്നതാണ് സാധാരണമാതൃക. എന്നാൽ ഈ കറുത്ത രേഖകളെ മേനിവർണ്ണം വേർതിരിക്കുമ്പോൾ അതിനെ ഒപ്പലെയ്ൻ എന്നാണ് പറയുക. ഇവയ്ക്ക് തലയിൽ രേഖകൾ കുറവായിരിക്കും. കറുപ്പിന് പകരം തവിട്ട് രേഖകളാണ് മുഖവർണ്ണത്തെ വേർതിരിക്കുന്നുവെങ്കിൽ അതിനെ സിനമൺ എന്നും മേനിവർണ്ണത്തിൽ തവിട്ട് രേഖകൾ ഓടുമ്പോൾ അതിനെ സിനമൺ ഒപ്പലെയ്ൻ എന്നും പറയുന്നു. തലയിൽ മാത്രം തവിട്ട് രേഖകളും ചുവന്ന കണ്ണുകളുമുള്ളവരെ ലേസ്പിംഗ്സ് എന്നാണ് അറിയുക. സിനൺ പക്ഷികളിൽ ചുവന്ന കണ്ണുകൾ വരുമ്പോൾ അവയെ ഫാലോസ് എന്നും പറയും . പൊതുവേ മങ്ങിയ മേനിവർണ്ണമുള്ള പക്ഷികളെ ഐനോസ് എന്നാണ് പറയുക. ബഡ്ജീസ് പ്രദർശനത്തിൽ ഉയർന്ന സ്ഥാനം നേടുന്നവർ പലരും ആസൂത്രിതപ്രജനനം വഴി സൃഷ്ടിക്കപ്പെട്ടവരാണ് തലമുഴപ്പ് കൂടി തലയിൽ ചുഴികൾക്ക് പകരം ഉയർന്ന തൂവലുകളുള്ള ക്രസ്റ്റും കഴുത്തിൽ പൊട്ടുകൾക്ക് പകരം വളയങ്ങൾ വീഴുന്ന സ്പാംഗിളും നെഞ്ചിൽ വർണ്ണപ്പകർച്ചയുള്ള പൈഡും പ്രദർശനങ്ങളിലെ റാണിമാരാണ്.

## കോളനി ബ്രീഡിംഗ് കേജ് ബ്രീഡിംഗും

പ്രകൃതിയിലെ അനുകൂലഘടകങ്ങൾ ഒരുമിക്കുമ്പോൾ മാത്രമാണ് സാധാരണ പക്ഷികൾ ഇണ ചേരുന്നത് എന്നത് സാമാന്യബോധമുള്ള ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. എന്നാൽ ബഡ്ജീസുകളെയും മറ്റും ഒരു നിയന്ത്രണമില്ലാതെ കൂട്ടിലടച്ചുള്ള വളർത്തൽ പലപ്പോഴും ശൈശവപ്രജനനത്തിനും അന്തർപ്രജനനത്തിനും തുടർപ്രജനനത്തിനുമൊക്കെ വഴി തെളിക്കും. ഇവ പക്ഷികളുടെ ആരോഗ്യം നശിപ്പിക്കുമെന്ന് മാത്രമല്ല ശാപം കിട്ടിയ ഒരു തലമുറയ്ക്ക് കൂടി ജന്മം നല്കാനേ ഉപകരിക്കൂ. ഒരു കൂട്ടം പക്ഷികളെ ഒരുമിച്ചിട്ട് പ്രജനനം നടത്തുന്ന കോളനി ബ്രീഡിംഗാണ് പലരും അനുവർത്തിക്കുന്നത്. എന്നാൽ മിക്കവരും അനുവർത്തിക്കുന്ന ഈ ശൈലിയിൽ നിന്ന് ഒരു മാറ്റം ബഡ്ജീസുകൾക്ക് നല്ലതാണ്. ആരോഗ്യവും അഴകുമുള്ള പുതിയ തലമുറയെ വാർത്തെടുക്കണമെങ്കിൽ സെലക്ടീവ് / കേഡ് ബ്രീഡിംഗ് അത്യാവശ്യമാണ്. പക്ഷികളുടെ നിഗൂഡനിറപ്രപഞ്ചത്തിൽ ഒളിഞ്ഞുകിടക്കുന്ന വർണ്ണ-രൂപ ജനിതകത്തെ കണ്ടെത്താനും സെലക്ടീവ് ബ്രീഡിംഗിന് അവസരമുണ്ട്. ആസൂത്രിത പ്രജനനത്തിലൂടെ നല്ല രൂപലാവണ്യമുള്ളതും ഇഷ്ടപ്പെട്ട വർണ്ണങ്ങളിലുള്ളതുമായ പക്ഷികളെ സൃഷ്ടിക്കാം.

## ബഡ്ജീസ് – ഇണചേരൽ സൂത്രവാക്യം

നാലാം മാസം തന്നെ പ്രായപൂർത്തിയെത്തുമെങ്കിലും ഒമ്പതാം മാസത്തെ ബ്രീഡിംഗാണ് ബഡ്ജീസുകൾക്ക് നല്ലത്. ഫ്ളൈറ്റ് കേജ് എന്ന കേജുകളിൽ പറന്നുനടക്കുന്ന പക്ഷികളിൽ നിന്നും നല്ല ഇണകളെ കണ്ടെത്തുകയാണ് ആദ്യപടി. ഇണകൾ പരസ്പരം കണ്ടാണ് ബഡ്ജീസുകളിൽ ബന്ധമുണ്ടാക്കുന്നത്. കാണാതിരുന്നാൽ ഈ ബന്ധം (ബോണ്ടിംഗ്) അറ്റുപോവുകയും ചെയ്യും. മൂക്കിന്റെ നീല/വയലറ്റ് നിറമാണ് പൂവനെ തിരിച്ചറിയാൻ സഹായിക്കുന്നത്. എന്നാൽ കുഞ്ഞായിരിക്കുമ്പോൾ ഇത് പിങ്ക് നിറമായിരിക്കും. പ്രജനനസീസനിൽ (നവംബർ-ഏപ്രിൽ) ഫ്ളൈറ്റ്കേജിൽ നിന്ന് തെരഞ്ഞെടുത്ത ഇണകളെ ബ്രീഡിംഗ് കേജിലേക്ക് ( 75 സെ.മീ - 15 സെ.മീ-18 സെ.മീ) ഒറ്റയ്ക്ക് മാറ്റാം. 18% പ്രോട്ടീനുള്ള തീറ്റയാണ് ഈ സമയം നല്ലത്. കഴുകിയുണക്കിയ തിനയും കണവനാക്കും തുളസിയിലയും മല്ലിയിലയും ചീരയിലയുമൊക്കെ കൂടാതെ മൃദു ആഹാരവും നല്കാം. മധുരക്കിഴങ്ങ്, സൂര്യ

കാന്തിക്കുരു, സോയാബീൻ, വെളുത്തുള്ളി എന്നിവ പുഴുങ്ങിയരച്ച് തോടോടുകൂടി പുഴുങ്ങിയ മുട്ട ഉടച്ചുണക്കിയതുമായി ചേർത്ത് ഒലിവെണ്ണയും ഈസ്റ്റും കാരറ്റ് ജ്യൂസും തേനും ജീവകമിശ്രിതവും ഒരു നുള്ള് ഉപ്പും ചേർത്താൽ സ്വാദിഷ്ഠമായ മൃദു ആഹാരം ഉണ്ടാക്കാം. നാല് ദിവസം പ്രത്യേക കേജുകളിൽ പാർപ്പിച്ച ശേഷം 5-ാം ദിവസം പുലരിയിൽ പൂവനെ പിടയുടെ കേജുകളിലെത്തിക്കാം. പ്രജനനമൂർച്ഛയിൽ പൂവന്റെ മൂക്ക് തിളങ്ങുന്ന നീലനിറത്തിലാകും. പിടയുടേത് നല്ല തവിട്ട് നിറത്തിലും

വിജയകരമായ പ്രജനനത്തിന് ശേഷം അനുബന്ധമായി ഘടിപ്പിച്ച അടയിരിക്കൽ കൂടിലേക്ക് ഇവർ മാറും. (25 സെ.മീ -15 സെ.മീ ആഴം) പൂവന്റെ സാന്നിദ്ധ്യവും കൂട്ടിലെ ഇരുട്ടും മുട്ടശീലിന് പ്രേരണ നല്കും . ഒരു ശീലിൽ 4 മുതൽ 6 വരെ മുട്ടകൾ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഇടും. ആദ്യദിവസമോ രണ്ടാമത്തെ മുട്ടയിട്ട ശേഷമോ അടയിരിക്കൽ തുടങ്ങും. അടയിരിക്കുന്ന ദിവസം മുതൽ 17/18 ദിവസം ആദ്യകുഞ്ഞ് വിരിയും . പിന്നീടുള്ള മുട്ടകൾ ഇട്ടദിവസമനുസരിച്ച് അനുക്രമമായി വിരിഞ്ഞുകൊണ്ടിരിക്കും.

## കുഞ്ഞുതീറ്റ– ശ്രദ്ധയോടെ

ആദ്യ ആഴ്ച തള്ളക്കിളിയുടെ ആമാശയഭിത്തിയിൽ നിന്നുണ്ടാകുന്ന പോഷകസമൃദ്ധമായ ദ്രാവകമാണ് (ക്രോപ് മിൽക്ക്) കുഞ്ഞിന് തീറ്റ. ക്രമേണ കൊക്കിൽ നിന്ന് ദഹിച്ച ഖരാഹാരം നല്കിത്തുടങ്ങും. ഇളയകുഞ്ഞിന് ഏറ്റവും പോഷകമേറിയ ദ്രാവകവും മുതിർന്നവയ്ക്ക് നേർപ്പിച്ചതും ഖരാഹാരവും ചേർത്ത് നല്കുന്ന ആഹാരം നല്കും. 30-35 ദിവസം പ്രായമാകുമ്പോഴേക്കും പറക്കമുറ്റിവരുന്ന കുഞ്ഞുങ്ങളെ ആൺകിളി സംരക്ഷിക്കും. അവസാനകുഞ്ഞ് പറക്കമുറ്റുന്നതിന് മുമ്പ് പിടക്കിളി അടുത്ത ശീൽ മുട്ടയിടീൽ



ആരംഭിക്കും. ബാർഹെഡ്സ് എന്നാണ് കുഞ്ഞുങ്ങളെ അറിയപ്പെടുന്നത്. നാലാം മാസം മുതൽ ഇവർ തൂവൽ പൊഴിക്കാൻ (മോൾട്ടിംഗ്) പ്രാപ്തി നേടും. പിറവിതത്തൂവലുകളേക്കാൾ വർണ്ണവും പുഷ്ടിയും പുതിയ തൂവലുകൾക്കുണ്ടാകും.

## കാൽവളയങ്ങൾ ബഡ്ജീസുകളുടെ ജാതകം

നിശ്ചയമായും തിരിച്ചറിയൽ രേഖ വേണ്ട ഒന്നാണ് ബഡ്ജീസ് പരിപാലനം. പക്ഷികളുടെ പ്രായം, മാതാപിതാക്കൾ, പൂവൻ, പിടി എന്നിവ തിരിച്ചറിയാൻ ഇത് നല്ലതാണ്. പക്ഷിക്കുഞ്ഞ് വിരിഞ്ഞ് ആദ്യരണ്ടാഴ്ചയ്ക്കുള്ളിൽ കാലിൽ ലോഹവളയം (ക്ലോസ്ഡ് മെറ്റൽ റിംഗ്) ഘടിപ്പിക്കാം. ഈ റിംഗിൽ ബ്രീഡർ അംഗമായിരിക്കുന്ന ബേർഡ് സൊസൈറ്റിയുടെ കോഡ് അംഗത്തിന്റെ കോഡ് നമ്പർ, പക്ഷി ജനിച്ച വർഷം, പക്ഷിയുടെ ക്രമനമ്പർ ഇവയെല്ലാം രേഖപ്പെടുത്തും.

ബാംഗ്ലൂരിലെ ഫാഷൻ ഡിസൈനിംഗ് കോഴ്സ് കഴിഞ്ഞ് തൃപ്പുണിത്തറയിൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമ്പോഴും ഷീബയുടെ മനസ്സിൽ കുഞ്ഞിലേ സ്ഥാനം പിടിച്ച കുഞ്ഞുതത്തകളായി ബഡ്ജീസുകളുണ്ടായിരുന്നു.

## വർഷം മുഴുവൻ വരുമാനം

വർഷത്തിൽ 3 ശീലുകളാണ് പെൺകിളിക്കുള്ളത്. കുറഞ്ഞത് 18 ഓളം കുഞ്ഞുങ്ങൾ ഒരു പെൺബഡ്ജീസിൽ നിന്ന് പ്രതീക്ഷിക്കാം. ഒരു ജോഡിക്ക് വിപണിയിൽ 300 രൂപയെങ്കിലും വിലയുള്ള കാലമാണിത്.പച്ച, നീല എന്ന സാധാരണ മാതൃകകൾ വിട്ട് പൈഡ്, ലുട്ടിനോ, ആൽബിനോ, ക്രസ്റ്റഡ്, സ്പാംഗിൽ എന്നിങ്ങനെ വ്യത്യസ്തയിനങ്ങളെ സൃഷ്ടിച്ചാൽ അവയ്ക്ക് വിലയേറും. ഡയറക്ടഷണൽ ഫെദേഴ്സ് എന്ന് വിളിക്കുന്ന തൊപ്പിയുള്ള ബഡ്ജീസുകളെയാണ് ഇപ്പോൾ പ്രീമിയം ബഡ്ജീസായി അറിയപ്പെടുന്നത്. ഇവയ്ക്ക് വില 4 അക്ക സംഖ്യകളിലാണ്. ആസൂത്രിതമായി ഇടപെട്ടാൽ ചുരുങ്ങിയ സ്ഥലത്ത് നിന്നും ബഡ്ജീസുകൾ പൊഴിക്കുന്ന കിളിനാദം "മണി"നാദമായി മാറ്റാം.

## ബഡ്ജീസുകളിലെ ഫാഷൻ ഡിസൈനർ

ഷീബ റ്റീച്ചർ എന്നും സ്കൂളിലേക്കിറങ്ങി വരുന്നത് മുകളിൽ നിന്ന് താഴേയ്ക്കാണ്. മട്ടുപ്പാവിലെ കിളികൾക്ക് ആഹാരവും വെള്ളവും വച്ചേ ഷീബ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെത്താറുള്ളൂ എന്ന പതിവുകാഴ്ചയ്ക്ക് 100 ഓളം വരുന്ന വിദ്യാർത്ഥികളാണ് സാക്ഷികൾ.

ബാംഗ്ലൂരിലെ ഫാഷൻ ഡിസൈനിംഗ് കോഴ്സ് കഴിഞ്ഞ് തൃപ്പുണിത്തറയിൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമ്പോഴും ഷീബയുടെ മനസ്സിൽ കുഞ്ഞിലേ സ്ഥാനം പിടിച്ച കുഞ്ഞുതത്തകളായി ബഡ്ജീസുകളുണ്ടായിരുന്നു. പ്രകൃതി ബഡ്ജീസ് മേനിയിലൊരുക്കിയ സ്വാഭാവിക വർണ്ണമേളങ്ങൾ ഇന്നും വിസ്മയാവഹമായി മനസ്സിൽ കൊണ്ടുനടക്കുന്നുണ്ട് ഷീബറ്റീച്ചർ. അതുകൊണ്ടുതന്നെ വിവിധ വർണ്ണങ്ങളും രൂപലാവണ്യവുമുള്ള ബഡ്ജീസുകളെ സ്വന്തമാക്കാൻ കേരളമാകെ ഓടി. ഒന്നും രണ്ടുമല്ല 100 ഓളം വരും ഷീബയുടെ ശേഖരം. വീടിന് മുകളിൽ മട്ടുപ്പാവിലാണ് ബഡ്ജീസുകളുടെ കൂട്.ഫൈബർകോട്ടഡ് ടിൻഷീറ്റുകളാൽ വെയിലിന്റെ വീറിനെ മറച്ച മട്ടുപ്പാവിൽ 7-3-5 അടി ഫ്ളൈറ്റ് കേജുകൾ ഉൾപ്പെടെ നിരവധി കൂടുകളും ഷീബ തീർത്തു. കൂടിനുള്ളിൽ തീറ്റ നല്കാനും വെള്ളം നല്കാനും മൺപാത്രങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. ഭാരമുള്ളതുകൊണ്ട് അവ മറിയില്ല. ഉറുമ്പിന്റെയും മറ്റ് പ്രാണികളുടെയും ശല്യമൊഴിവാക്കാൻ വെള്ളം നിറച്ച പാത്രങ്ങളിലാണ് കൂടുകൾ ഇറക്കിവയ്ക്കുന്നത്. ആഴ്ചയിലൊരിക്കൽ ബഡ്ജീസുകളെ മാറ്റി ബ്ലീച്ചിംഗ് പൗഡർ ലായനിയിൽ നന്നായി കഴുകിയുണക്കി കൂടുകൾ സംരക്ഷിക്കും.

ഇളംപച്ച, കടുംപച്ച, ഒലിവ് എന്നിങ്ങനെ പച്ചനിറത്തിലും ആകാശനീല, കൊബാൾട്ട്, ചാര എന്നിങ്ങനെ നീലനിറത്തിലുമുള്ള സാധാരണമാതൃകകൾ കൂടാതെ തലയ്ക്ക് പിന്നിൽ ഹെഡ് പാച്ചുകളുള്ള പൈഡിനവും ശുദ്ധമഞ്ഞനിറത്തിലെ ലുട്ടിനോയും വെള്ളനിറത്തിൽ ചോരചുവപ്പൻ കണ്ണുകളുള്ള അൽബിനോയും റ്റീച്ചർക്കുണ്ട്. കൊപ്പലെയ്ൻ പക്ഷികളും സിനമൺ പക്ഷികളും തകൃതിയായി പ്രജനനം നടത്തുന്നു. ഫ്ളൈറ്റ് കേജുകളിൽ നിന്നും അനുയോജ്യരായ ജോഡികളെ കണ്ടെത്താൻ ഷീബയ്ക്ക് വിരുതേറെയുണ്ട്. മൂന്നും നാലും പ്രാവശ്യം ബോണ്ടിംഗ് വേർപെടുത്തി വീണ്ടും ഒരുമിച്ചിട്ട് നോക്കിയാണ്



യഥാർത്ഥ ഇണകളെ കണ്ടെത്തുക. തീറ്റയ്ക്കു മുണ്ട് ഒരു പ്രത്യേക ചേരുവ. തിന കഴുകി കുതിർത്തേ നല്കൂ. അച്ചിങ്ങാപ്പയറും ചെറുപയർ മുളപ്പിച്ചതും സ്ഥിരം ആഹാരമാണ്. മുട്ടയും റൊട്ടിപ്പൊടിയും ചേർത്ത മിശ്രിതത്തിൽ സൂര്യകാന്തിക്കുരു, മധുരക്കിഴങ്ങ്, മുളപ്പിച്ച ഗോതമ്പ്, ഒലിവെണ്ണ, കോഡ്‌ലിവർ ഓയിൽ, ക്യാരറ്റ് ജ്യൂസ്, തേൻ, ജീവകമിശ്രിതം എന്നിവ ചേർത്ത മൃദുതീറ്റ ദിവസം 30 ഗ്രാം വീതം ഓരോരുത്തർക്കും സ്പെഷ്യൽ റേഷനായുണ്ട്. അടയിരിക്കാൻ അറയായി ചെറുദ്വാരമുള്ള കലങ്ങളാണ് കൂടുകളിൽ ഘടിപ്പിച്ചിരിക്കുന്നത്. ബഡ്ജീസുകൾക്ക് കഷ്ടിച്ച് ഇറങ്ങാനും കയറാനും പാകത്തിലുള്ള ദ്വാരങ്ങളേയുള്ളൂ, കലങ്ങളിൽ.

മുട്ട മേനിയിൽ ഒട്ടിപ്പിടിച്ച് പുറത്തിറങ്ങുമ്പോൾ പൊട്ടിപ്പോകാതിരിക്കാനാണ് ഈ ശ്രദ്ധ.

വർഷത്തിൽ 500 ഓളം കുഞ്ഞുങ്ങളെ വില്ക്കാൻ കഴിയുന്നുണ്ട്. ആദ്യമൊക്കെ ഞാൻ പെറ്റ് സെന്ററുകാർക്കായിരുന്നു നല്കിയിരുന്നത്. അവർ കുറഞ്ഞ വിലയേ തരൂ. തുടർന്ന് മറ്റൊരു മാർഗ്ഗം കണ്ടെത്തി. ഫാഷൻ ഡിസൈനിംഗ് പഠിക്കാൻ വരുന്ന കുട്ടികൾക്ക് അധികവരുമാനമെന്ന നിലയിൽ ബഡ്ജീസുകളെക്കൂടി വളർത്താൻ പ്രോത്സാഹിപ്പിച്ചു. ഇപ്പോൾ ഞങ്ങൾ വലിയൊരു ശൃംഖലയായി. ചെറിയൊരു ശ്രദ്ധയേ വേണ്ടൂ. ഒരു ജോഡിയെ വിറ്റാൽ ഇന്ന് 300 രൂപ വില ലഭിക്കുന്നുണ്ട്. ക്ഷമയും ആത്മസമർപ്പണവും വേണം. കാര്യങ്ങൾ പഠിക്കാനുള്ള മനസ്സും. ഷീബ റ്റീച്ചർ പറഞ്ഞു.

ഫോൺ : ഷീബ റെജി – 8848792831

എസ്. ഗൗതം യോഗീശ്വർ
& അനൂപ് എസ്.

# റബ്ബർ വുഡ്

## ഫർണിച്ചർ വ്യവസായവും ഉല്പാദന പ്രക്രിയയും

ഫർണിച്ചർ നിർമാണ മേഖലയിൽ അത്ഭുത പൂർവമായ വളർച്ചയാണ് ഏതാനും വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ലോക ബാങ്കിന്റെ പഠനപ്രകാരം ഏകദേശം ഒന്നേകാൽ ലക്ഷം കോടി രൂപയുടേതാണ് (യു എസ് 17922 മില്യൻ) ഇന്ത്യൻ ഫർണിച്ചർ മാർക്കറ്റ്. പ്രതി വർഷം ശരാശരി 20% വളർച്ചാനിരക്കും. മൊത്തം ഫർണിച്ചർ മാർക്കറ്റിന്റെ 65%-വും തടി ഫർണിച്ച







റുകളുടേതാണ്. വനവിസ്തൃതിയിൽ ഉണ്ടാകുന്ന കുറവും നാട്ടുമരങ്ങളുടെ ദൗർലഭ്യതയും മൂലം അസംസ്കൃത വസ്തുവായ തടിയുടെ ലഭ്യത കുറഞ്ഞുവരികയാണ്.

ഇവിടെയാണ് റബ്ബർ തടിയുടെ പ്രസക്തി. റബ്ബർ തോട്ടങ്ങളുടെ നാടായ കേരളത്തിൽ റബ്ബർവുഡ് ഫർണിച്ചർ വ്യവസായങ്ങൾക്ക് അനന്തസാധ്യതകളാണുള്ളത്. പ്രത്യേകിച്ചും റബ്ബർ ഷീറ്റിന് വിലത്തകർച്ച നേരിടുന്ന ഇക്കാലത്ത്. വനവൃക്ഷങ്ങളിലോ, മറ്റ് നാട്ടുമരങ്ങളിലോ കൈവയ്ക്കാതെ തന്നെ വർദ്ധിച്ചുവരുന്ന തടിയുടെ ആവശ്യകത നിറവേറ്റുവാൻ റബ്ബർ മരങ്ങൾക്കു കഴിയും.

റബ്ബർ തടി നേരിട്ട് ഫർണിച്ചർ നിർമാണത്തിന് അനുയോജ്യമല്ല. ഇവയെ വിവിധ ഘട്ടങ്ങളായുള്ള സംസ്കരണത്തിന് വിധേയമാക്കി ഈടും ഉറപ്പും വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ കേടായ ഭാഗങ്ങൾ നീക്കം ചെയ്യുകയും, ചെറിയ കഷണങ്ങൾ കൂട്ടിച്ചേർത്ത് ആവശ്യാനുസരണമുള്ള വലിപ്പത്തിലേയ്ക്കും മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ സംസ്കരിച്ചെടുത്ത റബ്ബർതടിയിൽ നിന്നും ഏതുതരം ഫർണിച്ചറും രൂപകൽപന അനുസരിച്ച് നിർമിച്ചെടുക്കാവുന്നതാണ്.

കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ, റബ്ബർ ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ് എന്ന റബ്ബർ വുഡ് സംസ്കരണ- ഫർണിച്ചർ നിർമാണ യൂണിറ്റ് ഈ മേഖലയിൽ ആർക്കും മാതൃകയാക്കാവുന്ന ഒരു വ്യവസായ യൂണിറ്റാണ്.

## റബ്ബർ തടിയുടെ സംസ്കരണ പ്രക്രിയ

റബ്ബർ തടി (റൗണ്ട് ലോഗ്) ആദ്യം വലിയ കഷണങ്ങളായി മുറിക്കുകയും വിവിധതരം അറക്കവാളുകൾ ഉപയോഗിച്ച് അവ വീണ്ടും ചെറിയ പട്ടിയലുകളായി മുറിക്കുകയും ചെയ്യുന്നു.

പിന്നീട് കേടായ തടി ഭാഗങ്ങൾ ചെറിയ കട്ടറുകൾ ഉപയോഗിച്ച് മുറിച്ചു മാറ്റുന്നു. കേടായ ഭാഗം ഒഴിവാക്കിയ പട്ടിയലുകൾ കെമിക്കൽ ട്രീറ്റ്മെന്റിന് വിധേയമാക്കുകയാണ് അടുത്തഘട്ടം. എട്ടു മുതൽ പത്ത് മണിക്കൂർ വരെ ഇവയെ കെമിക്കൽ ഇംപ്രെഗ്നേഷൻ എന്ന പ്രക്രിയയ്ക്ക് വിധേയമാക്കുന്നു. പട്ടിയലുകളെ ഡ്രൈയിംഗ് ചേംബറുകളിൽ കയറ്റി കിൽൻ ഡ്രൈയിംഗ് എന്ന നിയന്ത്രിത ഉണക്കിന് വിധേയമാക്കുന്നു. ഇപ്രകാരം രണ്ട് ആഴ്ചയോളം ഉണങ്ങിയശേഷം ഇവയെ പ്ലെയിനിംഗിന് വിധേ



യമാക്കുന്നു. ഒരേ വലിപ്പത്തിനുള്ളതും മിനുസമുള്ളതുമായ പ്രതലത്തോടു കൂടിയതുമായ പട്ടിയലുകൾ തയ്യാറായി കഴിഞ്ഞ് ഈ പട്ടിയലുകളെ നീളമുള്ള കഷണങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ഫിംഗർ ജോയിനിംഗ്.


ഫിംഗർ ജോയിനിംഗ് നടത്തിയ നീളം കൂടിയ പട്ടിയലുകളെ വശത്തോട് വശം ഒട്ടിച്ച് പലകകളാക്കി മാറ്റുന്നു. ഇവയെ വീണ്ടും പ്ലെയിനിംഗ് ചെയ്ത് പ്രതലം നിരപ്പും മിനുസ്സമുള്ളതുമാക്കി മാറ്റുന്നു. ഈ പലകകളും നീളമുള്ള പട്ടിയലുകളും ആവശ്യമുള്ള വലിപ്പത്തിൽ യന്ത്രസഹായത്താൽ വിദഗ്ധരായ മരപ്പണിക്കാരുടെ മേൽനോട്ടത്തിൽ മുറിച്ചെടുത്ത് വ്യത്യസ്തതരം ഫർണിച്ചറുകൾ നിർമിക്കുന്നു. ഈടിനും ഭംഗിക്കുമായി ഇവയെ സാൻഡിംഗിനും വിവിധ പോളിഷിംഗ്/ പെയിന്റിംഗിനും വിധേയമാക്കുന്നു. ഗുണനിലവാര പരിശോധന കഴിഞ്ഞാൽ ഉത്പന്നങ്ങൾ വിപണനത്തിന് തയ്യാറാക്കിക്കഴിഞ്ഞു.

## ഗുണനിലവാര ഘട്ടങ്ങൾ

റബ്ബർ വുഡ് ഫർണിച്ചറിന്റെ ഗുണനിലവാര നിയന്ത്രണം, റബ്ബർ തടി തിരഞ്ഞെടുക്കുമ്പോൾ മുതൽ തുടങ്ങുന്നു. കുറഞ്ഞത് 40 ഇഞ്ച് എങ്കിലും ചുറ്റളവുള്ള തടികളാണ് ഉത്തമം. ചുറ്റളവ് കുറഞ്ഞവയേക്കാൾ ഇവയ്ക്ക് സ്വാഭാവിക





മായി ഈടും ബലവും കൂടുതലായിരിക്കും. പട്ടിയലുകളായി മുറിച്ച തടി കഷ്ണങ്ങൾ സൂക്ഷ്മ പരിശോധന നടത്തി കേടായ ഭാഗങ്ങൾ ബോയിലറിൽ ഇന്ധനമായി ഉപയോഗിക്കാവുന്നതാണ്.

കീടങ്ങളുടെയും പൂപ്പലിന്റെയും ആക്രമണം തടയുന്നതിനായി ഈ പട്ടിയലുകളെ ബോറോൺ സംയുക്തങ്ങൾ അടങ്ങിയ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് എട്ട് മുതൽ പത്ത് മണിക്കൂർ വരെ സംസ്കരണത്തിന് വിധേയമാക്കുന്നു. ശേഷം ഇവയെ കിൽൻ ഡ്രൈയറിലെ നിയന്ത്രിത സാഹചര്യത്തിൽ നിശ്ചിത ശതമാനം (10 മുതൽ 12%) റിലേറ്റീവ് ഹുമിഡിറ്റിയിലേക്ക് ഉണക്കിയെടുക്കുന്നു. കൂടാതെ ചൂടാക്കുമ്പോൾ ഇംപ്രഗ്നേറ്റ് ചെയ്ത രാസപദാർത്ഥങ്ങൾ തടിയിൽ ഉടനീളം ഒരുപോലെ വ്യാപിക്കുകയും ചെയ്യുന്നു. ഇത് കീടങ്ങളായ ചിതൽ, കാർപ്പന്റർ ബീസ്, പൗഡർ പോസ്റ്റ് ബീറ്റിൽ ലാർവ, ഉറുമ്പ് മുതലായ കീടങ്ങളിൽ നിന്നും മോൾഡ്, മൈൽഡ്യൂ, ഫംഗസ് മുതലായ പൂപ്പലുകളിൽ നിന്നും തടിയെ സംരക്ഷിക്കുന്നു. 12–16 ദിവസം വരെ നീണ്ടു നിൽക്കുന്ന ഈ നിയന്ത്രിത ഉണക്കൽ പ്രക്രിയയിൽ തടിയുടെ ഹുമിഡിറ്റി ഇടക്കിടെ പരിശോധിച്ച് അതനുസരിച്ച് ചൂട് നിയന്ത്രിക്കേണ്ടതായുണ്ട്. ഇതിന് കമ്പ്യൂട്ടറൈസ്ഡ് സെൻസറുകളും ഉപയോഗിക്കുന്നു.

റബ്ബർ വുഡ് ഫർണിച്ചറുകളുടെ ഈട് നിശ്ചയിക്കുന്നത് അവയിൽ ഇംപ്രഗ്നേറ്റ് ചെയ്തിട്ടുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യമാണ്. എന്നാൽ നനയുമ്പോൾ ഈ രാസപദാർത്ഥങ്ങൾ അലിഞ്ഞ് നഷ്ടപ്പെടുന്നതിനാൽ ഇത്തരം ഫർണിച്ചറുകൾ കൂടുതൽ കാലം ഈടു നിൽക്കുന്നതിന് ഈർപത്തിന്റെ സാന്നിദ്ധ്യം ഒഴിവാക്കേണ്ടതാണ്. വിലക്കുറവ്, ഭാരക്കുറവ്, ആകർഷകമായ നിറം, ഈട്, ഉറപ്പ് എന്നീ ഗുണങ്ങൾ ഒത്തുചേർന്ന റബ്ബർ വുഡ് ഫർണിച്ചറുകൾ ഗാർഹിക ആവശ്യങ്ങൾക്കും വാണിജ്യ ആവശ്യങ്ങൾക്കും ഒരുപോലെ അനുയോജ്യമാണ്. കൂടാതെ കാബിൻ നിർമാണം, പാനലിംഗ്, വുഡൻ ഫ്ളോറിംഗ് മുതലായ എല്ലാവിധ ഫർണിഷിംഗ് വർക്കുകൾക്കും റബ്ബർ വുഡ് ഉത്തമമാണ്.

ആധുനികമായ യന്ത്രസാമഗ്രികളും അവ സ്ഥാപിക്കുവാനുള്ള കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ആവശ്യമായതിനാൽ പ്രാരംഭ മുതൽമുടക്ക് കൂടുതലാണെങ്കിൽ കൂടി ഉല്പാദനം തുടങ്ങിക്കഴിഞ്ഞാൽ പിന്നെ തിരിഞ്ഞു നോക്കേണ്ടി വരില്ല.

റബ്ബർ ഫർണിച്ചറുകൾക്ക് വിപുലമായ വിപണന സാധ്യതകൾ ഉള്ളതിനാൽ സംരംഭകർക്ക് ധൈര്യമായി മുതൽ മുടക്കാവുന്ന ഒരു മേഖലയാണ്. ഈ മേഖലയിൽ നിലവിൽ അധികം ഉത്പാദകരില്ല എന്നതും മുന്നോട്ട് വരുന്നവർക്ക് അനുയോജ്യമായ ഒരു ഘടകമാണ്.

**വ്യവസായ വാണിജ്യ വകുപ്പിലെ**
**ഉപജില്ലാ വ്യവസായ ഉദ്യോഗസ്ഥരാണ് ലേഖകർ**

ലോറൻസ് മാത്യു

# സൈബർ സെക്യൂരിറ്റി
## തുറന്നിടുന്ന സംരംഭക സാധ്യതകൾ

ഇന്ന് ഏതൊരു മേഖലയിലും കമ്പ്യൂട്ടർ പിടിമുറുക്കിയിരിക്കുന്നതിനാൽ ഈ രംഗത്ത് നിരവധി പുത്തൻ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതായി കാണുന്നുണ്ട്. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലപ്പോഴും പുത്തൻ സംരംഭക സാധ്യതകളിലേയ്ക്ക് വഴി തുറക്കാറുമുണ്ട്. ഈ കാര്യത്തിൽ കമ്പ്യൂട്ടർ മേഖലയും ഒരു അപവാദമല്ല. ഇന്നിപ്പോൾ ആഗോള വ്യാപകമായി കമ്പ്യൂട്ടർ മേഖല നേരിടുന്ന ഒരു പ്രശ്നമാണ് കമ്പ്യൂട്ടർ സുരക്ഷ എന്നുള്ളത്. ഈ അടുത്ത കാലത്തായി ലോകമെങ്ങുമുള്ള കമ്പ്യൂട്ടർ ഉപഭോക്താക്കൾ ഭീതിയോടെ നോക്കിക്കണ്ട ഒന്നാണ് വാനാക്രൈ ആക്രമണം. ഇങ്ങനെയുള്ള സൈബർ ആക്രമണങ്ങളുടെ കാലഘട്ടത്തിലാണ് സൈബർ സെക്യൂരിറ്റി മേഖലയിലെ പുത്തൻ സംരംഭക സാധ്യതകൾക്ക് പ്രസക്തിയേറുന്നത്. ഇന്ന് ലോകം ഡിജിറ്റലൈസേഷനിലേയ്ക്ക് ചുവടു വയ്ക്കുമ്പോൾ, നമ്മുടെ ബാങ്ക് അക്കൗണ്ടുകൾ നമ്മുടെ തന്നെ മൊബൈലിലേയ്ക്ക് ചുരുങ്ങുമ്പോൾ കമ്പ്യൂട്ടർ സുരക്ഷയ്ക്ക് ഏറെ പ്രാധാന്യമുണ്ട്.

ഇവിടെയാണ് ഈ രംഗത്തെ സംരംഭങ്ങളുടെ പ്രസക്തി. സേവന മേഖലയാണിവ. വ്യത്യസ്തമായ നിരവധി സേവനങ്ങൾ നൽകുന്ന സംരംഭങ്ങൾ ഈ മേഖലയിൽ ആരംഭിക്കുവാൻ കഴിയും.

### 1. വി. എ. പി. റ്റി (വൾനറബിലിറ്റി അസെസ്മെന്റ് പെനട്രേഷൻ ടെക്നിക്ക്)

പ്രിവൻഷൻ ഈസ് ബെറ്റർ ദാൻ ക്യുവർ എന്ന തത്വം ആരോഗ്യത്തിലെന്നത് പോലെ സൈബർ മേഖലയിലും പ്രസക്തമായ ഒന്നാണ്. ഏതെങ്കിലുമൊരു കമ്പനിയുടെ സിസ്റ്റത്തേയോ നെറ്റ് വർക്കിനേയോ ഉടമസ്ഥന്റെ സമ്മതത്തോടു കൂടി ഹാക്ക് ചെയ്യുവാൻ ശ്രമിക്കുന്നതോ സിസ്റ്റത്തിലോ നെറ്റ് വർക്കിലോ ഉള്ള വൾനറബിളിറ്റി കണ്ടുപിടിക്കുന്നതിനാണ് വി. എ. പി. റ്റി എന്നു പറയുന്നത്. വാനാക്രൈ പോലുള്ള അപ്രതീക്ഷിത സൈബർ ആക്രമണങ്ങൾ ആഗോള വ്യാപകമായി സമയ ഭേദമെന്യേ ഭീഷണി ഉയർത്തി നിൽക്കുമ്പോൾ ഇത്തരത്തിലുള്ള സേവനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

### 2. സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (എസ്. ഒ. സി)

ഒരു സിസ്റ്റത്തേയോ നെറ്റ് വർക്കിനേയോ തുടർച്ചയായി നിരീക്ഷിച്ച് കൊണ്ടിരിക്കുന്ന സെന്റർ. അതാണ് എസ്. ഒ. സി. തുടർച്ചയായ നിരീക്ഷണത്തിലൂടെ സിസ്റ്റത്തേയോ നെറ്റ് വർക്കിനേയോ ബാധിക്കുന്ന നിലവിലുള്ള വൾനറബിളിറ്റീസ് കണ്ടെത്തുവാനും പരിഹരിക്കുവാനും കഴിയും. ഇത്തരത്തിലുള്ള




സേവനങ്ങൾ വൻകിട സ്ഥാപനങ്ങൾക്ക് നൽകുന്നതായ കൺസൾട്ടൻസി സ്ഥാപനങ്ങൾ ഈ മേഖലയിൽ ആരംഭിക്കുവാൻ കഴിയുന്നതാണ്.

### 3. ഫയർവാൾ

ഇന്ന് നിരവധി ഫയർവാളുകൾ വിപണിയിൽ ലഭ്യമാണ്. പലപ്പോഴും ഇതിന്റെ സർവീസും മെയിന്റനൻസും ഒരു പ്രശ്നമായി വരാറുണ്ട്. ഇത്തരത്തിലുള്ള ഫയർവാൾ പ്രൊവൈഡേഴ്സിന് സപ്പോർട്ട് കൊടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു സൈബർ സെക്യൂരിറ്റി കമ്പനിക്ക് ചെയ്യുവാൻ സാധിക്കും.

### 4. സെക്യൂരിറ്റി കോഡിങ്ങ്

സെക്യൂരിറ്റി വൾനറബിളിറ്റികളെ പ്രതിരോധിക്കുവാൻ കഴിയുന്ന തരത്തിലുള്ള സോഫ്റ്റ് വെയറുകളെ നിർമിക്കുന്ന രീതിയാണ് സെക്യൂരിറ്റി കോഡിങ്ങ്. സാധാരണയായി ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലെ പിഴവുകൾ, പ്രോഗ്രാമിന്റെ ലോജിക്കിലുള്ള തെറ്റുകൾ എന്നിവയാണ് പ്രധാനമായും ഹാക്കർമാർ നോട്ടമിടുന്നത്. ഇത്തരം തെറ്റുകൾ വരാത്ത രീതിയിൽ പ്രോഗ്രാമുകൾ നിർമിക്കുന്നതിനെയാണ് സെക്യൂരിറ്റി കോഡിങ്ങ് എന്ന് ഉദ്ദേശിക്കുന്നത്. ഐ ടി രംഗത്ത് ഒഴിവാക്കുവാൻ കഴിയാത്ത ഒന്നാണെങ്കിലും നമ്മുടെ നാട്ടിൽ അധികം ഇത് പ്രചാരത്തിൽ വന്നിട്ടില്ല. ആയതിനാൽത്തന്നെ സ്റ്റാർട്ട് അപ് മേഖലയിലുള്ള സംരംഭകർക്ക് ഏറെ സാധ്യതയുള്ളൊരു മേഖലയാണിത്. ഓസോൺ സെക്യൂരിറ്റി പോലുള്ള കമ്പനികൾ സ്റ്റാർട്ട് അപ് കമ്പനികൾക്കായി സെക്യൂരിറ്റി കോഡിങ്ങ് പരിശീലനം നൽകി വരുന്നുണ്ട്. ഇത്തരത്തിലുള്ള കമ്പനികൾ കേരളത്തിൽ വിരളമാണ്.

### 5. സൈബർ ഫോറൻസിക്

സൈബർ കുറ്റകൃത്യങ്ങൾ ഏറെ വ്യാപകമായിരിക്കുന്ന ഇക്കാലത്ത് ഏറെ സാധ്യതയുള്ള ഒന്നാണ് സൈബർ ഫോറൻസിക് എന്നത്. കമ്പ്യൂട്ടർ, മൊബൈൽ ഡിവൈസിൽ നിന്നും കോടതിയിൽ ഹാജരാക്കുന്ന തരത്തിൽ ഡേറ്റാ വീണ്ടെടുക്കുകയാണിവിടെ. ഇതിന് പരിശീലന സ്ഥാപനങ്ങൾ ഏറെയില്ലാത്തതിനാൽ കമ്പ്യൂട്ടർ പരിശീലന സ്ഥാപനങ്ങൾക്ക് സർട്ടിഫൈഡ് കോഴ്സുകൾ നൽകുകയെന്ന സംരംഭ സാധ്യതകളിവിടെയുണ്ട്.

### 6. എക്സ്പ്ലോയിറ്റ് റൈറ്റിങ്ങ്

ഒരു ആപ്ലിക്കേഷനിൽ അല്ലെങ്കിൽ സോഫ്റ്റ് വെയറിലുള്ള ബഗ്ഗ്സിനെ മുതലെടുക്കുവാൻ വേണ്ടി തയ്യാറാക്കുന്ന കോഡിനെയാണ് എക്സ്പ്ലോയിറ്റ് എന്ന് പറയുന്നത്. ഒരു വൾനറബിലിറ്റി ദുരുപയോഗം ചെയ്ത് ആപ്ലിക്കേഷന് അല്ലെങ്കിൽ സോഫ്റ്റ് വെയറിനുള്ളിൽ കയറിക്കൂടുവാനും അതിനുശേഷം നിർവഹിക്കേണ്ട കാര്യങ്ങൾ ചെയ്യുവാനുമുള്ള കോഡ് ഓരോ

എക്സ്പ്ലോയിറ്റിനുള്ളിലും കാണും. ഇത്തരം കോഡുകൾ നിർമിക്കുന്നതിനെയാണ് എക്സ്പ്ലോയിറ്റ് റൈറ്റിങ്ങ് എന്ന് പറയുന്നത്. ഇൻഫർമേഷൻ സെക്യൂരിറ്റി മേഖലയിൽ ഏറ്റവും സാധ്യത കൽപിക്കപ്പെടുന്ന ഈ രംഗത്ത് വരുംനാളുകളിൽ നിരവധി പുത്തൻ സംരംഭങ്ങൾ ഉടലെടുക്കുവാൻ സാധ്യതയുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

## 7. ബഗ്ഗ് വേട്ടയും ഒരു ബിസിനസ്സ്


സോഫ്റ്റ് വെയറിലെ പിഴവുകളാണ് വാനാക്രൈ പോലുള്ള റാൻസംവെയറുകൾക്ക് വളംവെച്ച് കൊടുക്കുന്നത്. ഇനി ഈ പിഴവുകൾ നാം തന്നെ കണ്ടെത്തിയാലോ. ആക്രമണവും ഒഴിവാക്കാം. വൻതുക പാരിതോഷികം ലഭിക്കുകയും ചെയ്യും. സോഫ്റ്റ് വെയർ പ്രോഡക്ടുകളിലെ പിഴവുകൾ പണമായി ഹാക്കർമാർ മാറ്റുമ്പോൾ ആർക്കും തങ്ങളുടെ ഉല്പന്നങ്ങളിലെയോ സേവനങ്ങളുടേയോ പിഴവുകൾ കണ്ടെത്തി പണം കൊയ്യുവാൻ ഗൂഗിൾ, ഫേസ്ബുക്ക് പോലുള്ള മുൻനിര കമ്പനികൾ അവസരം നൽകുന്നുണ്ട്. എത്തിക്കൽ ഹാക്കർമാരാണ് ഇതിൽ പങ്കെടുക്കുന്നതും സമ്മാനം നേടുന്നതും.

## 8. പരിശീലന സ്ഥാപനങ്ങൾ

വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഹാക്ക് ചെയ്ത വിവരങ്ങളുപയോഗിച്ച് പണം തട്ടുന്നത് വികസിത രാജ്യങ്ങളിൽ പലയിടത്തും വ്യാപകമാണ്. കടലാസ് പണത്തിന്റെ ഉപയോഗം പരമാവധി കുറച്ച് കൊണ്ട് വരണമെന്ന നിലപാടിലാണ് ഇന്ത്യൻ ഭരണാധികാരികൾ. സ്വാഭാവികമായും ഡിജിറ്റൽ പണമിടപാടിലേയ്ക്ക് വളരെ വേഗം നാം മാറേണ്ടി വരും. അതിനാൽത്തന്നെ നമ്മുടെ ബാങ്കിങ്ങ് സംവിധാനം കുറ്റമറ്റതാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ഇത്തരുണത്തിൽ സൈബർ സെക്യൂരിറ്റി സ്റ്റാർട്ടപ്പുകൾക്ക് ഏറെ പ്രസക്തിയുണ്ട്. എന്നാൽ ഈ രംഗത്ത് വേണ്ടത്ര വിദഗ്ദരെ കിട്ടാനില്ലാത്ത സ്ഥിതിയാണിന്നുള്ളത്. ആയതിനാൽത്തന്നെ പ്രമുഖ സ്ഥാപനങ്ങളോട് ചേർന്നോ ഫ്രാഞ്ചൈസി ആയോ സൈബർ സെക്യൂരിറ്റി പഠന സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. കെൽട്രോൺ പോലുള്ള സ്ഥാപനങ്ങൾ അവരുടെ നോളഡ്ജ് സെന്ററുകൾ വഴി ഇത്തരം അഡ്വാൻസ്ഡ് കോഴ്സുകൾ നൽകുന്നത് മാത്രമാണ് ഇപ്പോൾ ഈ മേഖലയിലുള്ള ഹ്രസ്വ കാല പരിശീലനങ്ങൾ. 2020 ആകുമ്പോൾ ഏറ്റവുമധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് നാസ്കോം കണക്കാക്കുന്ന ഈ രംഗത്ത് അംഗീകൃത പരിശീലന സ്ഥാപനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

## സൈബർ സെക്യൂരിറ്റി പഠിക്കാം ഒപ്പം ക്രിപ്റ്റോഗ്രാഫിയും

ഈ രംഗത്ത് സംരംഭം ആരംഭിക്കണമെന്നുണ്ടെങ്കിൽ ആദ്യം ഒരു പ്രൊഫഷണൽ എത്തിക്കൽ ഹാക്കർ ആകേണ്ടതാവശ്യമാണ്. വളരെ ചുരുക്കമായെങ്കിലും ഇത്തരത്തിലുള്ള കോഴ്സുകൾ ലഭ്യമാണ്. ഓൺലൈൻ കോഴ്സുകൾ അനവധിയുണ്ടെങ്കിലും നേരിട്ടുള്ള കോഴ്സുകൾ





ചെയ്യുന്നതാണ് അഭികാമ്യം. സൈബർ സെക്യൂരിറ്റിയിൽ എം ടെക് കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഇന്നുണ്ട്. എന്നാൽ കമ്പ്യൂട്ടർ സയൻസിലോ ഐ ടി യിലോ ബി ടെക്/ബി എസ് സി ബിരുദവും ഒപ്പം ഇന്റേണൽ കൗൺസിൽ ഓഫ് ഇലക്ട്രോണിക് കൊമേഴ്സ് കൺസൾട്ടന്റ്സ് (ഇ. സി. കൗൺസിൽ) (http//www.ecouncil.org/) എന്ന അന്തർദേശീയ സ്ഥാപനം അംഗീകരിച്ച സർട്ടിഫിക്കറ്റ് പ്രോഗ്രാം കൂടി ചെയ്താൽ ഈ രംഗത്ത് പ്രൊഫഷണലാകാം. അമേരിക്കയിലെ ന്യൂ മെക്സിക്കോയിലാണ് ഈ സ്ഥാപനം. രാജ്യത്തെ മികച്ച സർട്ടിഫിക്കേഷന് കോഴ്സ് നടത്തുന്നത് എൻ. ഐ. ഐ. ടി തന്നെയാണ്. ഇ സി കൗൺസിലിന്റെ അംഗീകാരമുള്ള കോഴ്സാണിവിടെ നൽകുന്നത്. ചെറുതും വലുതുമായ ഹ്രസ്വകാല പാക്കേജിൽ ഫുൾടൈം കോഴ്സ് നടത്തുന്ന അനേകം സ്ഥാപനങ്ങളുണ്ട്.

ഈ രംഗത്തെ മറ്റൊരു അവസരമാണ് ക്രിപ്റ്റോഗ്രാഫിയുടെ പഠനം. ഒരു സന്ദേശത്തെയോ, വാകൃത്തിനെയോ അനായാസം വായിക്കാനോ മനസ്സിലാക്കാനോ കഴിയാത്തവണ്ണം മാറ്റിയെഴുതുന്ന (പൂട്ടുന്ന) സാങ്കേതികവിദ്യകളെ പൊതുവായി ഗൂഢശാസ്ത്രം (ക്രിപ്റ്റോഗ്രാഫി) എന്നു വിശേഷിപ്പിക്കാവുന്നതാണ്. ക്രിപ്റ്റോഗ്രാഫി എന്ന ഈ ഗോപ്യ ഭാഷയിൽ അധിഷ്ഠിതമായാണ് ഈയടുത്ത കാലത്ത് പ്രചരിപ്പ ബിറ്റ് കോയിനുകൾ പ്രവർത്തിക്കുന്നത്. സന്ദേശമയയ്ക്കുന്നയാളിന്റെയും കൈപ്പറ്റുന്നയാളുടെയും കൈയിലുള്ള കീകൾ ഒന്നുതന്നെയായുള്ള ഗൂഢശാസ്ത്രരീതിയെ സിമെട്രിക് കീ ക്രിപ്റ്റോഗ്രാഫി എന്നു വിളിക്കുന്നു.

ഈ സാങ്കേതികവിദ്യ കമ്പ്യൂട്ടർ ഇതര ലോകത്ത് നൂറ്റാണ്ടുകളായി ഉപയോഗിച്ചു പോന്നതായിരുന്നു. നെറ്റ് വർക്കും ഇന്റർനെറ്റ് ഉപയോഗവും ശക്തി പ്രാപിച്ചപ്പോൾ സുരക്ഷിതമായ വിധത്തിൽ സന്ദേശം കൈമാറ്റം ചെയ്യേണ്ടുന്ന വിദ്യ

### പ്രധാന സ്ഥാപനങ്ങൾ

1. ഇന്ത്യൻ സ്കൂൾ ഓഫ് എത്തിക്കൽ ഹാക്കിങ്ങ്, കൊൽക്കത്ത (https://www.isoeh.com/)
2. ജി. ആർ. ആർ. എ. എസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദാബാദ് (http://www.grras.com)
3. ബിന്ധ്യ ടെക്നോളജീസ്, ബംഗളൂരു (http://www.techgig.com/bindyashs1)
4. എ. ഇ. എം. കൊൽക്കത്ത (http://www.aemk.org/)
5. അപ്പിൻ ടെക്നോളജീസ്, ഇൻഡോർ, ഭോപ്പാൽ (http://www.appintechnology.com/)
6. കെ. ഐ. റ്റി എഡ്യൂക്കേഷൻ, ജയ്പൂർ, രാജസ്ഥാൻ (http://www.kiteducation.com/)
7. ടെക്നോ കോർപറേഷൻ, ശിവജി നഗർ, പൂനെ (http://www.technocorop.co.in/)
8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെറ്റ്‌വർക്കിംഗ് ടെക്നോളജി, അമ്പട്ടൂർ, ചെന്നൈ (htttp://www.nintedu.com/)

വികസിപ്പിക്കേണ്ടതായി വന്നു. തത്ഫലമായി നിരവധി അൽഗൊരിതങ്ങൾ വികസിപ്പിക്കുകയുണ്ടായി. അനവധി വിധത്തിൽ സിമട്രിക് ക്രിപ്റ്റോഗ്രാഫി നടപ്പിൽ വരുത്താവുന്നതാണ്. പുതു പരീക്ഷണങ്ങളും, റിസേർച്ച് പ്രോജക്ടുകളും ഇതിൽ നടത്തിവരുന്നു. ഡാറ്റ എൻക്രിപ്ഷൻ സ്റ്റാൻഡേർഡ്, അഡ്വാൻസ്ഡ് എൻക്രിപ്ഷൻ സ്റ്റാൻഡേർഡ് എന്നിവ സിമെട്രിക് കീ ക്രിപ്റ്റോഗ്രഫി സിസ്റ്റങ്ങളാണ്.

ഇത്തരം സാങ്കേതിക വിദ്യകളിൽ പരിശീലനം നേടുന്നത് ഈ രംഗത്ത് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകമാകും.

താരതമ്യേന കുറഞ്ഞ ചിലവിൽ ആരംഭിക്കുവാൻ കഴിയുമെന്നതാണ് ഇത്തരം സംരംഭങ്ങളുടെ ഗുണം. കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് ബിരുദധാരികൾക്ക് ഇത്തരം സ്റ്റാർട്ടപ്പുകളിലേക്ക് അനായാസം തിരിയാവുന്നതാണ്. ഒരു ജോലി അന്വേഷണത്തിന് മുതിരാതെ പഠനം കഴിയുമ്പോൾത്തന്നെ ഇത്തരം അതിനൂതന സാങ്കേതികവിദ്യകളിൽ പരിശീലനം നേടുന്നതും തുടർന്ന് സൈബർ സെക്യൂരിറ്റിയിലെ വ്യത്യസ്തമായ സംരംഭ സാധ്യതകൾ കണ്ടെത്തി അതിലേയ്ക്ക് തിരിയേണ്ടതും ഈ കാലഘട്ടത്തിന്റെ തന്നെ ആവശ്യകതയാണ്.

## ആശാവഹമായ ചുവടുകൾ

അമൃത യൂണിവേഴ്സിറ്റി ടെക്നോളജി ഇൻക്യുബേറ്ററും (ടി ബി ഐ) സെന്റർ ഫോർ സൈബർ സെക്യൂരിറ്റി സിസ്റ്റംസ് ആന്റ് നെറ്റ്‌വർക്കും ചേർന്ന് ഇന്ത്യയിലെ ആദ്യ സൈബർ സെക്യൂരിറ്റി സ്റ്റാർട്ട് അപ്പ് ഹബ് സ്ഥാപിച്ചത് ഈ രംഗത്തെ ശ്രദ്ധേയമായ ഒരു ചുവട് വെപ്പാണ്. ഗവേഷണം, ഫണ്ടിങ്ങ്, വ്യവസായം തുടങ്ങിയവ ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ഇന്ത്യയിൽ പുതിയൊരു സൈബർ സെക്യൂരിറ്റി സ്റ്റാർട്ട് അപ്പ് തരംഗമുണ്ടാക്കുകയാണ് ലക്ഷ്യം. അമൃത സൈബർ സെക്യൂരിറ്റി സ്റ്റാർട്ട് അപ്പ് ഹബ് തദ്ദേശീയ ഉൽപന്നങ്ങളുടെ വികസനം, ഓഡിറ്റ്, പരീക്ഷണം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നു. മൊബൈൽ, ക്ലൗഡ്, സൈബർ-ഫിസിക്കൽ സിസ്റ്റം, ഡിജിറ്റൽ ഫോറൻസിക്സ്, ക്രിപ്റ്റോഗ്രാഫി, മാൽവേർ അനാലിസിസ് തുടങ്ങിയ മേഖലകൾക്കാണ് ശ്രദ്ധ നൽകുന്നത്.

## സാധ്യതകളെ പ്രയോജനപ്പെടുത്തുക

ഇന്ത്യ 50,000 സൈബർ സെക്യൂരിറ്റി സംഭവങ്ങൾക്കാണ് 2015-ൽ സാക്ഷ്യം വഹിച്ചത്. രാജ്യത്ത് ഇതുവരെ 26,000-ത്തിലധികം വെബ്സൈറ്റുകളുടെ മുഖം മാറുകയും 91 ലക്ഷം സിസ്റ്റങ്ങളെ ഇൻഫെക്റ്റ് ചെയ്യുകയുമുണ്ടായി. പക്ഷേ രാജ്യത്ത് നാലായിരത്തിലധികം സ്റ്റാർട്ട് അപ്പുകളുണ്ട്. എന്നാൽ 100-ൽ താഴെ മാത്രമാണ് സൈബർ സെക്യൂരിറ്റിയുടെയും ബന്ധപ്പെട്ട മേഖലകളിലെയും ഉൽപന്നങ്ങൾ പുറത്തിറക്കുന്നത്. സൈബർ രംഗത്ത് ലോകത്താകമാനവും ഓരോ മിനിറ്റിലും യുദ്ധം നടക്കുന്ന ഈ കാലത്ത് സൈബർ സെക്യൂരിറ്റിക്ക് ദേശീയതലത്തിൽ തന്നെ തന്ത്രപ്രാധാന്യമുണ്ടെന്നുള്ള തിരിച്ചറിവ് ഈ മേഖലയിൽ നൂതന സംരംഭങ്ങളാരംഭിക്കുവാൻ പ്രചോദനമാവണം.


EQUIPMENTS
SWIMMING POOL
SAND FILTER
MULTI PORT VALVE
VACUUM HOSE
TELESCOPIC HANDLE
DOSING PUMP
VACUUM HEAD
UNDER WATER LIGHT
S.S LADDER
MAIN DRAIN
TEST KIT
SEWAGE TREATMENT PLANT
PUMP
CONTROL PANEL
AIR BLOWER
FINE DIFFUSER
DOSING PUMP
SAND FILTER
CARBON FILTER
PACKING MEDIA
MBBR MEDIA
COARSE DIFFUSER
Service & Operations
Maintenance & Service | Management & Operation | Troubleshoot & Remedial | Water Treatment
Repair & Restoration | Renovation & Refurbishment | Chemicals | Identification of Leaks
RBC
Regal Building Care Industries Pvt. Ltd
48/1827 A1, Kattuparambil, Perumbotta Road,
Elamakkara, Cochin - 682 026
E-mail: regalbuildingcare@gmail.com
Ph : +91 9400642147, 9400642136
Land : 0484 2537746


സമ്പദ്സമൃദ്ധിയുടെ വാതിൽ തുറക്കുന്നു...
അതേ വിശ്വാസം... പുതിയ ഭാവം... BS 4 (435 CC)
PIAGGIO
High on Prestige
Low on cost
ഈ മൺസൂൺകാലം ആഘോഷിക്കൂ...
SML മോട്ടോഴ്സിനോടൊപ്പം
ഉടൻ വിളിക്കൂ...
8086090108
CARGO
PASSENGER DLX
CITY COMPACT
ആവശ്യാനുസരണം തെരഞ്ഞെടുക്കാൻ വിവിധ മോഡലുകൾ
നിങ്ങളുടെ അഭിരുചിക്കനുസരിച്ച് ആപ്പെ
പാസഞ്ചർ വാഹനങ്ങൾ പണിതുകൊടുക്കുന്നു.
SML
ESTD 1980
SML MOTORS
PALAKKAD
Coimbatore Road Marutharoad
9895761615
9946505100
PATTAMBI
Pokkupadi
9946815100
VANIYAMKULAM
Pathipara
9526300902
8593959541
ALATHUR
Malamalamokku
9946812100

ബൈജു നെടുങ്കേരി

# നാച്വറൽ വിനഗർ



കേരളത്തിന്റെ പൊതുസമൂഹത്തിൽ ആരോഗ്യ സംബന്ധമായ അവബോധം വർദ്ധിച്ചു വരികയാണ്. പ്രകൃതിദത്ത ഭക്ഷണങ്ങളും പാനീയങ്ങളിലേയ്ക്കുമുള്ള മടങ്ങിപ്പോക്കിന്റെ വേഗം വർദ്ധിച്ചിരിക്കുന്നു. വൈദേശിക ഭക്ഷണ ക്രമത്തോടുള്ള ഭ്രമം മലയാളിയെ രോഗാതുരരാക്കിയപ്പോഴാണ് ഈ തിരിച്ചറിവ് രൂപപ്പെട്ടത്. പുറമെ നിന്നുള്ള ഭക്ഷണത്തേക്കാൾ വീട്ടിലുണ്ടാക്കുന്ന ഭക്ഷണം സുരക്ഷിതമാണെന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ വീടുകളിൽ പാചകം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ചേരുവകൾ പലതും വിഷലിപ്തമാണ്. മനുഷ്യശരീരത്തിന് ഹാനികരമാകുന്ന അളവിലുള്ള ചേരുവകൾ ഇവയിലെല്ലാം ഉൾപ്പെട്ടിരിക്കുന്നു. ഇവിടെയാണ് പ്രകൃതിദത്ത ഭക്ഷണചേരുവകളുടെ പ്രസക്തി. ആസിഡ് നേർപ്പിച്ച് നിർമിക്കുന്ന വിനാഗിരിയാണ് നമ്മുടെ വീടുകളിൽ കൂടുതലായി ഉപയോഗിക്കുന്നത്. ഈ ആസിഡിന്റെ അംഗീകൃത പി. എച്ച് ലെവലായ 3.5 ൽ കൂടുതലാണ് മിക്ക കമ്പനികൾ നിർമിക്കുന്ന വിനഗറിലും അടങ്ങിയിരിക്കുന്നത്. ഈ ഉല്പന്നങ്ങൾ ആന്തരിക അവയവങ്ങൾക്ക് കേടുപാടുണ്ടാക്കും. നാളികേര വെള്ളത്തിൽ നിന്നും നിർമിക്കുന്ന പ്രകൃതിദത്ത ക്ലിയർ വിനഗർ വർത്തമാന കാലത്തിൽ ഏറെ പ്രസക്തമായ ഒരു വ്യവസായ സംരംഭമാണ്.

## സാധ്യതകൾ

നാളികേരത്തിന്റെ നാടായ കേരളത്തിൽ ധാരാളം നാളികേര അധിഷ്ഠിത വ്യവസായങ്ങളുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം നാളികേരവെള്ളം നശിപ്പിച്ച് കളയുന്നതിനുള്ള ചെലവ് വേറെയും പാഴായി പോകുന്നു. നാളികേര വെള്ളത്തിൽ

നിന്നും നിർമിക്കുന്ന പ്രകൃതിദത്ത വിനഗർ ഇന്ന് പ്രകൃതിദത്ത ഉല്പന്നങ്ങളിലെ തരംഗമായി മാറിക്കഴിഞ്ഞു. മുമ്പും ഈ വ്യവസായം നിലവിലുണ്ടായിരുന്നു എന്നാൽ ബ്രൗൺ നിറത്തിൽ കലങ്ങിയ അവസ്ഥയിലായുള്ള വിനഗറായിരുന്നു ലഭ്യമായിരുന്നത്. ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് തന്നെയായിരുന്നു പരാജയത്തിന്റെ മുഖ്യകാരണം. എന്നാൽ ഇന്ന് ആസിഡ് വിനഗർ പോലെ ക്ലാരിറ്റിയുള്ള ക്ലിയർ വിനഗർ നാളികേര വെള്ളത്തിൽ നിന്നും നിർമിക്കാൻ കഴിയുന്ന തരത്തിലുള്ള സാങ്കേതിക വിദ്യ ലഭ്യമാണ്. സാങ്കേതിക വിദ്യയും പരിശീലനവും ആർജിച്ച് ചെറിയ യന്ത്ര സംവിധാനവും ഒരുക്കിയാൽ ലാഭകരമായി നടപ്പാക്കാവുന്ന വ്യവസായ സംരംഭമാണ് ക്ലിയർ വിനഗറിന്റെ നിർമാണം.

## ഉല്പാദന രീതി

നാളികേര വ്യവസായം നടക്കുന്ന കമ്പനികളിൽ നിന്നോ കൊപ്രാക്കളങ്ങളിൽ നിന്നോ നാളികേര വെള്ളം ശേഖരിക്കാം. ഈ വെള്ളം കരടുകൾ നീക്കം ചെയ്യുന്നതിനായി ക്ലോത്ത് ഫിൽട്രേഷൻ നടത്തി ക്യാനുകളിൽ നിറയ്ക്കും. തുടർന്ന് ആവശ്യമായ അളവിൽ പഞ്ചസാര ചേർത്ത് നാളികേരവെള്ളം തിളപ്പിക്കും. നന്നായി തണുത്ത നാളികേര വെള്ളത്തിൽ അമോണിയം സൾഫേറ്റ്, യീസ്റ്റ്, സിട്രിക് ആസിഡ് തുടങ്ങിയവ ചേർത്ത് ആൽക്കഹോളിക് ഫെർമന്റേഷൻ നടത്തും. ഏഴ് ദിവസമാണ് ഈ പ്രോസസ്സിനായി സൂക്ഷിക്കുക. ഏഴ് ദിവസത്തിനു ശേഷം തെളിവെള്ളം ഊറ്റി എടുത്ത് മദർ കൾച്ചറുമായി ചേർത്ത് അസറ്റിക് ഫെർമന്റേഷന് വയ്ക്കും. ഏഴ് ദിവസത്തിനു ശേഷം 40% വിനഗർ വേർതിരിച്ചെടുത്ത് വില്പനയ്ക്ക് തയ്യാറാക്കാം. വിനഗറിന്റെ പി. എച്ച്. വാല്യു 3.5 ൽ നിലനിർത്താൻ ശ്രദ്ധിക്കണം. പാസ്ചറൈസേഷനോ സിസ്റ്റലേഷനോ നടത്തി പെറ്റ് ബോട്ടിലിൽ പായ്ക്ക് ചെയ്ത് വിപണിയിൽ എത്തിക്കാം. മദർ കൾചർ നിർമാണവും ഇതോടൊപ്പം നടത്തേണ്ടതായി വരും. മദർ കൾച്ചറിന്റെ സ്റ്റോക്ക് കൂടുന്നതിനോടൊപ്പം വിനഗർ നിർമാണത്തിന്റെ അളവും വർദ്ധിപ്പിക്കാം.

## സാങ്കേതിക വിദ്യ പരിശീലനം

പ്രകൃതിദത്ത ക്ലിയർ വിനഗർ നിർമാണത്തിന്റെ സാങ്കേതിക വിദ്യയും പരിശീലനവും യന്ത്രങ്ങളും മദർ കൾച്ചറും പിറവം അഗ്രോ പാർക്കിൽ നിന്നും ലഭിക്കും. ഫോൺ: 0485-2242310

## മൂലധന നിക്ഷേപം

| | |
|---|---|
| 1. സിസ്റ്റലേഷൻ/ പാചറൈസേഷൻ യൂണിറ്റ് | 1,25,000 |
| 2. ടാങ്കുകൾ | 40,000 |
| 3. അനുബന്ധ ഉപകരണങ്ങൾ | 20,000 |
| 4. മദർ കൾച്ചർ 50 ലിറ്റർ | 50,000 |
| **ആകെ** | **2,35,000** |

## പ്രവർത്തന ചെലവുകൾ

(പ്രതിദിനം 200 ലിറ്റർ വിനഗർ നിർമിക്കുന്നതിനുള്ള ചെലവ്)

| | |
|---|---|
| 1. നാളികേര വെള്ളം 200 * 2 | 400 |
| 2. പഞ്ചസാര അനുബന്ധ ചേരുവകൾ | 1500 |
| 3. തൊഴിലാളികളുടെ വേതനം | 1200 |
| 4. പായ്ക്കിംഗ് മെറ്റീരിയൽസ് (ബോട്ടിൽ, ക്യാപ്പ്, ലേബൽ) | 3400 |
| 5. ഇന്ധന ചെലവുകൾ, ഇതര ചെലവുകൾ | 400 |
| **ആകെ** | **6900** |

## വരവ്

(പ്രതിദിനം 200 ലിറ്റർ വിനഗർ 300 മി. ലിറ്റർ വീതമുള്ള ബോട്ടിലുകളിൽ നിറച്ച് വില്പന നടത്തുമ്പോൾ ലഭിക്കുന്നത്)

| | |
|---|---|
| 1. 300 മി. ലിറ്റർ ബോട്ടിൽ വില്പന വില | 48 |
| 2. 35% കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത് | 31 |
| 3. 31 * 666 | 20,646 |

## ലാഭം

| | |
|---|---|
| വരവ് | 20,646 |
| ചെലവ് | 6900 |
| **ലാഭം** | **13,746** |

## ലൈസൻസുകൾ

ഭക്ഷ്യ സുരക്ഷ വിഭാഗം, തദ്ദേശ ഭരണ സ്ഥാപനം വ്യവസായ വകുപ്പ്, എന്നിവയിൽ നിന്നുള്ള അനുമതികൾ സംരംഭകൻ നേടിയിരിക്കണം.




## മിൽമ മൂല്യവർധിത ഉത്പന്നങ്ങൾ

# കടൽ കടന്നും പെരുമകൾ

മിൽമ വയനാട് ഡയറിയുടെ മൂല്യവർധിത ഉത്പന്നങ്ങൾ ജനഹൃദയങ്ങളിൽ ഇടംപിടിക്കുന്നു. പേട, പാലട മിക്സ്, വെണ്ണ, പനീർ, ലസി, മിൽക്ക് ജാക്ക്, കോക്കനട്ട് ബർഫി, സിപ്പ് അപ്പ്, നെയ്യ്, പനീർ പിക്കിൾ എന്നീ മൂല്യവർധിത ഉത്പന്നങ്ങളാണ് ഉപഭോക്താക്കൾക്കിടയിൽ പ്രിയം നേടുന്നത്. കൽപറ്റയ്ക്കടുത്ത് ചുഴലിയിലാണ് ഡയറി.

25 ടൺ നെയ്യാണ് വയനാട് ഡയറിയിൽ പ്രതിമാസം ഉത്പാദിപ്പിക്കുന്നത്. കിലോഗ്രാമിനു 530 രൂപയാണ് വില. നെയ്യിൽ നല്ലൊരു പങ്കും യു. എ. ഇ, ഖത്തർ എന്നിവിടങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ്. ഏകദേശം 45 ടൺ ആണ് വാർഷിക കയറ്റുമതി.

50, 100, 200, 500 ഗ്രാം പായ്ക്കുകളിലും 20 കിലോഗ്രാം പായ്ക്കിലുമാണ് ഡയറിയിൽ നിന്ന് വെണ്ണ വിപണികളിലേയ്ക്ക് നീങ്ങുന്നത്. 76 ശതമാനം കൊഴുപ്പ് അടങ്ങിയ വെണ്ണ കിലോഗ്രാമിന്

412 രൂപയാണ് വില. 15 ടൺ വെണ്ണയാണ് ഡയറിയിലെ പ്രതിമാസ ഉത്പാദനം.

മാസം ശരാശരി 2130 കിലോഗ്രാമാണ് ഡയറിയിലെ പനീർ ഉത്പാദനം. കിലോഗ്രാമിനു 300 രൂപ നിരക്കിലാണ് വിൽപന. പാലട മിക്സ് 200 ഗ്രാം പായ്ക്കറ്റിൽ 60 രൂപ വിലയ്ക്കാണ് വിപണികളിൽ ലഭ്യമാക്കുന്നത്. ഏകദേശം ആറ് ടണ്ണാണ് പ്രതിമാസ ഉത്പാദനം. അഞ്ച് ടൺ പേടയാണ് ഡയറിയിൽ ഓരോ മാസവും വിപണനത്തിന് സജ്ജമാക്കുന്നത്. 10 ഗ്രാമിന്റെ 10 പീസുകളടങ്ങിയ പായ്ക്കറ്റ് 60 ഉം, 50 പീസുകളുള്ള പായ്ക്കറ്റ് പേഡ ബൾക്ക് എന്ന പേരിൽ 300– ഉം, 220 ഗ്രാം പായ്ക്കറ്റ് പേഡ ഫാമിലി എന്ന നാമത്തിൽ 100 രൂപയ്ക്കുമാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

മിൽക്ക് ജാമാണ് മറ്റൊരു മൂല്യവർധിത ഉത്പന്നം. മാസം ഏകദേശം രണ്ട് ടണ്ണാണ് ഉത്പാദനം. മിൽക്കി ജാക്ക് ബൗൾ, മിൽക്കി ജാക്ക് ഫാമിലി എന്നീ പേരുകളിലാണ് വിൽപന. ഏകദേശം രണ്ട് ടണ്ണാണ് പ്രതിമാസ ഉത്പാദനം.

ലോലി, വാട്ടർ എന്നീ പേരുകളിലാണ് സിപ് അപ്പ് വിപണനം. മഴക്കാലങ്ങളിൽ ഒഴികെ മാസം ഏകദേശം 75,000 പായ്ക്കറ്റ് ലോലി സിപ് അപ്പും 20,000 പായ്ക്കറ്റ് വാട്ടർ സിപ് അപ്പുമാണ് ഉത്പാദിപ്പിക്കുന്നത്. പനീർ പിക്കിൾ 200 ഗ്രാം ബോട്ടിൽ 65 രൂപ നിരക്കിലാണ് വിൽക്കുന്നത്.

**മാസം ശരാശരി 2130 കിലോഗ്രാമാണ് ഡയറിയിലെ പനീർ ഉത്പാദനം. കിലോഗ്രാമിനു 300 രൂപ നിരക്കിലാണ് വിൽപന. പാലട മിക്സ് 200 ഗ്രാം പായ്ക്കറ്റിൽ 60 രൂപ വിലയ്ക്കാണ് വിപണികളിൽ ലഭ്യമാക്കുന്നത്. ഏകദേശം ആറ് ടണ്ണാണ് പ്രതിമാസ ഉത്പാദനം.**

ഏപ്രിൽ 14 മുതൽ വയനാടൻ വിപണിയിൽ മാത്രം ലഭ്യമാക്കിയ ഈ ഉത്പന്നം ഇതിനകം ആറ് ബാച്ചുകളിലായി 150 കിലോഗ്രാമാണ് ഉത്പാദിപ്പിച്ചത്. 25 രൂപ വിൽപന വിലയുള്ള ലസി 3500 കുപ്പിയാണ് പ്രതിമാസ ഉത്പാദനം.

ഡയറിയിൽ ഉത്പാദിപ്പിക്കുന്ന തൈര് 500 ഗ്രാം, അഞ്ച് കിലോഗ്രാം പായ്ക്കറ്റുകളിലാണ് വിൽപനയ്ക്ക് വിടുന്നത്. 500 ഗ്രാമിന്റെ 1,36,000



പായ്ക്കറ്റും അഞ്ച് കിലോഗ്രാമിന്റെ 1,000 പായ്ക്കറ്റുമാണ് പ്രതിമാസ ഉത്പാദനം. മഴക്കാലങ്ങളിലൊഴികെ ഓരോ മാസവും 180 മില്ലിയുടെ 4.5 ലക്ഷം പായ്ക്കറ്റ് സംഭാരവും ഉപഭോക്താക്കളിലെത്തുന്നുണ്ടെന്ന് ഡയറി ടെക്നിക്കൽ സൂപ്രണ്ട് എം. കെ. നിസാർ ബാവ പറഞ്ഞു. 2009 ൽ പ്രവർത്തനം തുടങ്ങിയതാണ് വയനാട് ഡയറി. 300 കോടി രൂപയാണ് പ്രതിവർഷ വിറ്റുവരവ്. ഇതിൽ ഏകദേശം 27 ശതമാനം മൂല്യവർധിത ഉത്പന്നങ്ങളുടെ വിൽപനയിലൂടെ ലഭിക്കുന്നതാണെന്ന് വയനാട് ഡയറി മാനേജർ എസ്. രാധാകൃഷ്ണൻ പറഞ്ഞു.

പേട, വെണ്ണ എന്നീ മൂല്യവർധിത ഉത്പന്നങ്ങൾ കൂടുതൽ കാലം കേടു കൂടാതെ സൂക്ഷിക്കുന്നതിന് ഉതകുന്ന പായ്ക്കിംഗ് സംവിധാനം ഡയറിയിൽ അചിരേണ യാഥാർഥ്യമാകും. ബട്ടർ വില. ഗോവയിൽ നിന്നാണിത് വാങ്ങുന്നത്. മിനിറ്റിൽ 350 പായ്ക്കറ്റ് ശേഷിയുള്ളതാണ് പേട പായ്ക്കിംഗ് മെഷീൻ.

നിലവിൽ പ്രതിദിനം ഒന്നര ലക്ഷം ലിറ്റർ പാലാണ് ക്ഷീരസംഘങ്ങൾ മുഖേന വയനാട് ഡയറിയിൽ സംഭരിക്കുന്നത്. ഇതിൽ പതിനായിരം ലിറ്റർ മാത്രമാണ് ജില്ലയിൽ വിറ്റഴിയുന്നത്. 90,000 ലിറ്റർ സംസ്കരിച്ച് പായ്ക്ക് ചെയ്ത് കൂത്തുപറമ്പ്, ഉള്ളേ്യരി, കോട്ടയ്ക്കൽ എന്നിവിടങ്ങളിലെ ഡിപ്പോകളിലെത്തിച്ചാണ് വിൽക്കുന്നത്. 20,000 ലിറ്റർ പാൽ തൈര് ഉത്പാദനത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. 5,000 ലിറ്റർ പാലാണ് മൂല്യവർധിത ഉത്പന്ന നിർമാണത്തിന് പ്രയോജനപ്പെടുത്തുന്നത്. കാൽ ലക്ഷം ലിറ്റർ പാൽ കണ്ണൂർ, കാസർകോട് ഡയറികളിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്.




നിലവിൽ പ്രതിദിനം ഒന്നര ലക്ഷം ലിറ്റർ പാലാണ് ക്ഷീരസംഘങ്ങൾ മുഖേന വയനാട് ഡയറിയിൽ സംഭരിക്കുന്നത്.

ഫില്ലിംഗ് മെഷീൻ ഡയറിയിൽ സ്ഥാപിച്ചതായി ഡയറി ടെക്നിക്കൽ സൂപ്രണ്ട് (എഞ്ചിനീയറിംഗ്) വിഷ്ണു. വി. ചന്ദ്രൻ പറഞ്ഞു. ചെന്നൈയിലെ ഐ. എസ്. എഫ് കമ്പനിയിൽ രൂപകൽപന ചെയ്ത് നിർമിച്ചതാണ് ബട്ടർ ഫില്ലിംഗ് മെഷീൻ. മണിക്കൂറിൽ 2000 കപ്പുകളിൽ വെണ്ണ നിറയ്ക്കാൻ ശേഷിയുള്ളതാണ് യന്ത്രം. ഏകദേശം 40 ലക്ഷം രൂപ ചെലവിലാണ് ഇത് സ്ഥാപിച്ചത്.

പേട പായ്ക്കിംഗിനുള്ള സെമി ഓട്ടോമാറ്റിക് ഹൊറിസോണ്ടൽ ഫ്ളോ റാപ് മെഷീൻ ഡയറിയിൽ വൈകാതെ പ്രവർത്തനമാരംഭിക്കും. 1.29 കോടി രൂപയാണ് ഈ യന്ത്രത്തിന്

പാൽ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കാനുള്ള തീവ്രശ്രമത്തിലാണ് വയനാട് ഡയറി അധികൃതർ. മൂല്യവർധിത ഉത്പന്ന നിർമാണത്തിന് കൂടുതൽ പാൽ ഉപയോഗപ്പെടുത്തുന്നത് ദിവസവും കണ്ണൂർ, കാസർകോട് ഡയറികളിലേയ്ക്ക് അയയ്ക്കേണ്ടി വരുന്ന പാലിന്റെ അളവ് കുറയുന്നതിന് സഹായകമാകുമെന്നാണ് വിലയിരുത്തൽ. മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതമാണ് ക്ഷീരോത്പാദക സഹകരണ യൂണിയൻ ബോണസും മറ്റുമായി സംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നത്.

# പാലായിൽ ഖര ജൈവാമൃത നിർമാണ യൂണിറ്റ് തുടങ്ങി



നീലൂർ സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അഞ്ച് ഫാർമേഴ്സ് ക്ലബിലൊന്നാണ് എലിവാലിയിലെ ഗ്രീൻവാലി ഫാർമേഴ്സ് ക്ലബ്. ക്ലബിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഖര ജൈവാമൃത യൂണിറ്റിന്റെ ഉദ്ഘാടനം കോട്ടയം എം. പി. ജോസ് കെ. മാണി നിർവഹിച്ചു. സഹകരണ ബാങ്ക് പ്രസിഡന്റ് മത്തച്ചൻ കുറുമ്പ് കാട്ട് അധ്യക്ഷനായി. ഫാദർ ജോർജ്ജ് കുറുമ്പ് കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. യൂണിറ്റിലെ ആദ്യവിൽപന യുവ കർഷകൻ ജോബിക്ക് നൽകി നബാർഡ് എ ജി എം ദിവ്യ കെ. ബി നിർവഹിച്ചു. യൂണിറ്റിന്റെ ഷെയർ സർട്ടിഫിക്കറ്റ് വിതരണം കടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സണ്ണി മുണ്ടനാട്ട് നടത്തി. ജില്ലാ കൃഷി ഓഫീസർ സുമ ഫിലിപ്പ്, പഞ്ചായത്ത് മെമ്പർ പൗളിൻ ടോമി, ഗ്രീൻവാലി ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ജെയിംസ് മാത്യു, പ്രൊഫസർ ജോസഫ് കൊച്ചുകുടി, ബാങ്ക് ഡയറക്ടർ ശാർങ്ധരൻ എന്നിവർ ആശംസകൾ നേർന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന ഇ. എസ്. എസ്., പി. എം. ഇ. ജി. പി. എന്നിവയെക്കുറിച്ച് ളാലം വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു സംസാരിച്ചു. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ മാസ്റ്റർ ബിബിൻ രാജിനുള്ള ഉപഹാരം ജോസ്. കെ. മാണി സമർപ്പിച്ചു. ഖര ജീവാമൃതം, വേപ്പിൻ പിണ്ണാക്ക്, എല്ല് പൊടി, ചാണകപ്പൊടി തുടങ്ങിയവയാണ് യൂണിറ്റിലെ മറ്റ് ഉത്പന്നങ്ങൾ.

# പാലായിൽ ഗാർഹിക ഉൽപന്ന നിർമാണ പരിശീലനക്കളരി സംഘടിപ്പിച്ചു



മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസ്, ളാലം ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ പ്രമുഖ എൻ. ജി. ഒ ആയ കോട്ടയം അർച്ചന വിമൻസ് സെന്ററിന്റെ സ്പോൺസർഷിപ്പോടെ വനിതകൾക്കായി രണ്ട് ദിവസത്തെ ഗാർഹിക ഉൽപന്ന നിർമാണ പരിശീലനക്കളരി സംഘടിപ്പിച്ചു. പരിപാടി ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് അഗസ്റ്റിൻ നടയത്ത് ഉദ്ഘാടനം ചെയ്തു. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ സിസ്റ്റർ ത്രേസ്യാമ്മ മാത്യു അധ്യക്ഷനായി. സോപ്പ്, ക്ലീനിങ്ങ് ലിക്വിഡ്, ഡിറ്റർജന്റ് തുടങ്ങി ഇരുപതോളം ഗാർഹിക ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള പ്രായോഗിക പരിശീലനത്തിന് ചാലക്കുടി ബദൽ ജീവിത പഠനകേന്ദ്രം ഡയറക്ടർ വർഗീസ് പോൾ നേതൃത്വം നൽകി. പ്രായോഗിക പരിശീലനത്തിനപ്പുറം ബിസിനസിന്റെ വിജയത്തിനാവശ്യമായ വിവിധ മാർഗങ്ങളെക്കുറിച്ചുള്ള വർഗീസ് പോളിന്റെ അവതരണം ഏറെ ഹൃദ്യമായിരുന്നു. വ്യവസായ വകുപ്പ് വഴി കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു വിശദീകരിച്ചു. ഹെഡ് ക്ലർക്ക് ജോഷി ജോസഫ്, യുവ സംരംഭകൻ ഹിരൺ കുമാർ, അർച്ചന പബ്ലിക് റിലേഷൻ ഓഫീസർ പോൾസൺ കൊട്ടാരത്തിൽ എന്നിവർ സംസാരിച്ചു. 60 വനിതകൾക്കാണ് പരിശീലനം നൽകിയത്.

# കൈത്തറിക്കായി പുതിയ പദ്ധതി

കൈത്തറി മേഖലയെ ആരോഗ്യകരമായി നിലനിർത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ലൂം എ ഹൗസ് എന്ന പുതിയ സ്കീം കേരള സർക്കാരിന്റെ കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൈത്തറി മേഖലയിലെ തൊഴിൽ സാധ്യതകളെ ആധുനിക കാലത്തെ ആവശ്യകതക്കനുസൃതമാകും വിധം ഉപയുക്തമാക്കുന്നതിനാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

കേരളസർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യസ്കൂൾ യൂണിഫോം പദ്ധതിക്കായുള്ള തുണി നെയ്തെടുക്കുന്നതിന് അവസരം ഒരുക്കുക വഴി കേരളത്തിലെ പരമ്പരാഗത കൈത്തറി മേഖലയ്ക്ക് ഒരു പുതുജീവൻ നൽകിയിരിക്കുകയാണ്. കൃത്യമായ ജോലിയും വേതനവും ഉറപ്പാക്കിയതുകൊണ്ട് ഇന്ന് ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ആത്മവിശ്വാസം കൈവന്നിരിക്കുകയാണ്. ആവശ്യത്തിനുള്ള തുണി ഉല്പാദിപ്പിക്കാൻ അവശ്യം വേണ്ടതായ തറികളോ തൊഴിലാളികളോ ഈ രംഗത്ത് സജീവമായി ഇപ്പോഴും ഇല്ല എന്നത്, ആഗോള സമ്പദ്ഘടനയുടെ കുത്തൊഴുക്കിൽ പരമ്പരാഗത മേഖല നേരിട്ട അവഗണനയുടെ അനന്തരഫലമാണ്.

ഒരു വീട്ടിൽ ഒരു തറി എന്ന സങ്കൽപത്തിലൂടെ നേട്ടം ലക്ഷ്യമിടുന്നത് സ്വയം പര്യാപ്തമായ തൊഴിലിടങ്ങൾ വീട്ടിൽ തന്നെ സാധ്യമാക്കുക എന്ന ലളിതമായ കാഴ്ചപ്പാടോടെയാണ്. ഒരു നെയ്ത്ത് തൊഴിലാളിക്ക് കുറഞ്ഞത് 600 രൂപയെങ്കിലും ദിവസക്കൂലി ലഭിക്കുന്ന രീതിയിൽ അസംസ്കൃത വസ്തുക്കളും ഉല്പാദനഘടകങ്ങളും കമ്പോളവും ലഭ്യമാക്കി, അതോടൊപ്പം സർക്കാരിന്റെ വിവിധങ്ങളായ പദ്ധതികളിലൂടെ സാധ്യമായ വിവിധങ്ങളായ ആനുകൂല്യങ്ങളും സഹായങ്ങളും നൽകി ഈ പരമ്പരാഗത തൊഴിലിന്റെ മഹത്വം ഏതൊരു പുതുതലമുറ തൊഴിലിനും പിന്നിലല്ലെന്ന് തെളിയിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

സംരംഭകത്വത്തോട് ആഭിമുഖ്യമുള്ളവർക്ക് കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ സൃഷ്ടിച്ചെടുക്കാനും പുരോഗതി കൈവരിക്കാനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരാൾക്ക് (18 മുതൽ 55 വയസ്സ് വരെ പ്രായപരിധിയിൽ) ഒരു തറി സ്വായത്തമാക്കുന്നതിന് വിലയുടെ 75% (പരമാവധി 40,000 രൂപ) സർക്കാർ ധനസഹായം നൽകും. 25% വിഹിതം ഗുണഭോക്താവ് വഹിക്കേണ്ടതാണ്. ഈ പദ്ധതിയിൽ അപേക്ഷിക്കുന്നതിന് നെയ്ത്തു ജോലിയിൽ അഞ്ച് വർഷത്തെ പരിചയമുള്ളയാളോ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്നും മൂന്ന് മാസത്തിൽ കുറയാത്ത പരിശീലനം സിദ്ധിച്ചയാളോ ആയിരിക്കണം. ലളിതമായ പദ്ധതി വ്യവസ്ഥകളിലൂടെയാണ് ഈ സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും വിശദാംശങ്ങൾക്കും അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഡപ്യൂട്ടി രജിസ്ട്രാർമാരെ സമീപിക്കാവുന്നതാണ്.



# ഇ. ഡി. ക്ലബ് ഉദ്ഘാടനം നടത്തി

കോട്ടയം ജില്ലയിലെ പ്രമുഖ കോളേജായ പാലാ സെന്റ് തോമസ് കോളേജിൽ ഇ. ഡി. ക്ലബിന്റെ പ്രവർത്തനോദ്ഘാടനം മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസർ എൻ. അജയകുമാർ നിർവഹിച്ചു. വിദ്യാർത്ഥികൾ സംരംഭകത്തിലേയ്ക്ക് കടന്നു വരേണ്ട ആവശ്യകതയും സംരംഭകത്വത്തിന്റെ കാലിക പ്രസക്തിയും അദ്ദേഹം ഉദ്ബോധിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോയ് ജോർജ്ജ് അദ്ധ്യക്ഷനായി. ളാലം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു വിദ്യാർത്ഥികൾക്കായുള്ള ബോധവത്കരണ ക്ലാസ് നയിച്ചു. ഇ. ഡി. ക്ലബ് കോർഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ ബോബി സൈമൺ നേതൃത്വം നൽകി.



---

പ്ലാസ്റ്റിക് റീസൈക്ലിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് എന്ന വിഷയം അധികരിച്ച് എറണാകുളം ജില്ലാ വ്യവസായകേന്ദ്രം 2016 ജൂൺ എട്ട് മുതൽ ജൂലായ് മൂന്ന് വരെ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം തൃക്കാക്കര നഗരസഭാ ചെയർപേഴ്സൺ കുമാരി മീനു നിർവഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ. എൻ. കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിക്കുകയും അസിസ്റ്റന്റ് ഡയറക്ടർ രഞ്ജിത്ത് ബാബു ഉപജില്ലാ വ്യവസായ ഓഫീസർ മനോജ്. ഡി. പി, കെ. എസ്. എസ്. ഐ. എ ജില്ലാ പ്രസിഡന്റ് മുഹമ്മദ് അഷ്റഫ് എൻ. വി, സി. ബി. പി. എസ്. ഡയറക്ടർ ടി. ഒ. വർഗീസ് എന്നിവർ സംസാരിക്കുകയും ചെയ്തു.



# യുവസംരംഭകരെ സൃഷ്ടിക്കാൻ കെ എസ്. ഐ. ഡി. സി സ്റ്റാർട്ടപ്പ് കോഴിക്കോട് സംഘടിപ്പിച്ചു




വടക്കൻ കേരളത്തിൽ യുവസംരംഭകർക്ക് സംരംഭക സംസ്കാരം വളർത്തിയെടുക്കാൻ കെ. എസ്. ഐ. ഡി. സി. സ്റ്റാർട്ടപ്പ് കോഴിക്കോട് എന്ന പരിപാടി കോഴിക്കോട് ഗേറ്റ്‌വേ ഹോട്ടലിൽ സംഘടിപ്പിച്ചു.

പുതുമയാർന്ന ആശയങ്ങളുമായി സംരംഭകയാത്രയ്ക്കൊരുങ്ങുന്ന സംരംഭകർക്കായാണ് പരിപാടി സംഘടിപ്പിച്ചത്. സ്റ്റാർട്ടപ്പ് ഫണ്ടിംഗ്, എൻട്രപ്രണർഷിപ്പ്, മാർക്കറ്റിംഗ്, അടിസ്ഥാന സൗകര്യ ലഭ്യത, മെന്ററിംഗ് തുടങ്ങിയ വിഷയങ്ങളിൽ നാല് ഇന്ററാക്ടീവ് സെഷനുകൾ പരിപാടിയിലുണ്ടായിരുന്നു. കെ. എസ്. ഐ. ഡി. സി. എം. ഡി. ഡോ. എം. ബീന ഐ എ എസ് പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഏഞ്ചൽ നെറ്റ്‌വർക്കിന്റെ ലീഡ് ഇൻവെസ്റ്ററായ നാഗരാജ പ്രകാശം, മെന്റർഗുരു എം ഡി എസ്. ആർ. നായർ, മൈന്റ് ലാബ്സ് എം ഡി ഗിരീഷ് ഗോപാൽ തുടങ്ങിയവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. കെ. എസ്. ഐ. ഡി. സി, ഐമാർക്ക് ഗ്ലോബലുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

സീഡ് ഫണ്ടിംഗ്, സ്റ്റാർട്ടപ്പ് ആശയങ്ങൾ, ഇൻവെസ്റ്റർ പിച്ചിംഗ്, ഐഡിയ വാലിഡേഷൻ, ഫിനാൻഷ്യൽ വെഹിക്കിൾ ലഭ്യത തുടങ്ങിയ വിഷയങ്ങളിൽ അറിവ് പകരുന്നതോടൊപ്പം വടക്കൻ കേരളത്തിൽ നൂതനമായ ആശയങ്ങളുടെ സ്റ്റാർട്ടപ്പുകളെ വളർത്തുന്ന എക്കോ സിസ്റ്റം നിർമിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം. ഇന്ററാക്ടീവ് സെഷനിൽ മൂന്ന് മിനിറ്റിനുള്ളിൽ സ്റ്റാർട്ടപ്പ് ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരവും പങ്കെടുത്തവർക്ക് ലഭിച്ചു.

യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നത് കേരളത്തിന്റെ സമ്പദ് ഘടനയുടെ വളർച്ചയ്ക്കുള്ള പ്രേരകശക്തികളിലൊന്നാണ്. സാമ്പത്തിക കാര്യങ്ങളിൽ യുവ സംരംഭകരുടെ പങ്കാളിത്തത്തിലുണ്ടായ വളർച്ചയും വിവിധ മേഖലകളിലുള്ള മികച്ച അവസരങ്ങളും കേരള സർക്കാറിന്റെ അനുകൂല സമീപനങ്ങളുമാണ് ഇന്ന് സംസ്ഥാനത്തിന്റെ കരുത്ത്. മികച്ച കഴിവുകളുള്ളതും നേടാൻ ആഗ്രഹിക്കുന്നവ

## ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം

അപ്പാരൽ ആന്റ് ഫാഷൻ ഡിസൈനിംഗ് മേഖലയിൽ തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രം സംഘടിപ്പിച്ച ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം 29/05/2017 ന് ഡോക്യുമെന്റേഷൻ സെന്ററിൽ ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാനേജർ വിനോദ് കുമാർ, രഞ്ജിത്. സി. ഒ, ഉപജില്ലാ വ്യവസായ ഓഫീസർമാരായ വിജയകുമാർ, ബി. പ്രദീപ്, എസ്. അനൂപ്, ശിവപ്രസാദ്, എസ്. രമാദേവി, ഐ എൽ ഒ മാസ്റ്റർ ട്രെയിനർ ഐസക് സിംഗ്, പ്രോഗ്രാം ഓഫീസർ ആനന്ദൻ, പി. മേനോൻ എന്നിവർ പങ്കെടുത്തു. 25 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ച് കൊണ്ട് നടത്തിയ പരിശീലന പരിപാടിയുടെ ആദ്യഘട്ടം ഡോക്യുമെന്റേഷൻ സെന്ററിൽ വച്ചും രണ്ടാംഘട്ടം കിൻഫ്രാ അപ്പാരൽ പാർക്കിലെ എ. റ്റി. ഡി. സി. യിൽ വച്ചും നടത്തുകയുണ്ടായി. അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്ററിൽ വച്ച് സംഘടിപ്പിച്ച സമാപന സമ്മേളനത്തിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ രഞ്ജിത്. സി. ഒ സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു.



രുമായ ഒട്ടേറെ യുവ സംരംഭകരുണ്ടെങ്കിലും മിക്കവർക്കും വിജയിക്കുവാൻ മൂലധനം, കഴിവുകൾ, അവസരതുല്യത എന്നിവയിലേക്ക് എത്തിച്ചേരാൻ കഴിയുന്നില്ല.

അറിവ് ആധാരമാക്കിയുള്ള ആശയങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ വളർത്തിയെടുക്കലാണ് കെ എസ് ഐ ഡി സി സ്ഥാപിച്ചിരിക്കുന്ന വിവിധ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ലക്ഷ്യമിടുന്നത്. കൊച്ചി കാക്കനാട്ട് ജിയോ ഇൻഫോപാർക്കിലും അങ്കമാലിയിൽ ഇൻകെൽ ടവർ 1-ൽ സ്റ്റാർട്ടപ്പ് സോണിലും കോഴിക്കോട് യു എൽ സൈബർ പാർക്കിലും ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബിസിനസ് ഇൻകുബേഷൻ സെന്ററുകളിൽ പ്ലഗ് ആന്റ് പ്ലേ സൗകര്യം, ശീതീകരിച്ച വർക്ക് സ്റ്റേഷനുകൾ, ബിസിനസ് മീറ്റിംഗിനായി കോൺഫറൻസ് റൂം, ഡിസ്കഷൻ റൂം, വൈഫൈയോടു കൂടിയ ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ, സർവിയലൻസ് സിസ്റ്റം, എൻട്രി ആക്സസ് കൺട്രോൾ സിസ്റ്റം, തടസ്സമില്ലാത്ത വൈദ്യുതി വിതരണം, ഫുഡ് കോർട്ട് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഫണ്ടിംഗ് ആവശ്യങ്ങൾക്കായി സീഡ് ഫണ്ടിംഗ് സ്കീമുകളും കെ എസ് ഐ ഡി സി ആവിഷ്കരിച്ചിട്ടുണ്ട്. പുതുമയാർന്ന സംരംഭങ്ങൾക്ക് ആർ ബി ഐ ബാങ്ക് നിരക്കിൽ ഒരു വർഷത്തേയ്ക്ക് പദ്ധതിച്ചെലവിന്റെ 90% അല്ലെങ്കിൽ 25 ലക്ഷം, ഇതിൽ ഏറ്റവും ചെറുതിന് സോഫ്റ്റ് ലോൺ നൽകുന്നുണ്ട്. ഒരു വർഷത്തിന് ശേഷം സോഫ്ട് ലോൺ ഇകിറ്റി കാപ്പിറ്റലാക്കി മാറ്റാനോ പലിശയോടു കൂടിയ തിരിച്ചടവോ ആക്കാനുള്ള നടപടികൾ സ്വീകരിക്കും.

# തലശ്ശേരി കിൻഫ്ര പാർക്കിൽ ബഹുനില വ്യവസായ കെട്ടിട സമുച്ചയത്തിന് ആരംഭംകുറിച്ചു



വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പ്രയാസമുള്ള സംസ്ഥാനമാണ് കേരളമെന്ന ആക്ഷേപം ഇല്ലാതായിരിക്കുന്നുവെന്ന് മന്ത്രി എ. സി. മൊയ്തീൻ. തൊഴിലാളികളുടെ കുഴപ്പം കൊണ്ട് വ്യവസായ ശാലകൾ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം അടുത്ത കാലയളവിൽ ഉണ്ടായിട്ടില്ല. തലശ്ശേരി കിൻഫ്ര പാർക്കിൽ ബഹുനില വ്യവസായ കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഏകജാലക സംവിധാനത്തിലൂടെ സംരംഭകർക്ക് അനുമതി കൊടുക്കാനുള്ള സാഹചര്യം സർക്കാർ സൃഷ്ടിക്കുന്നുണ്ട്. ചുവപ്പു നാടയിൽ കുരുങ്ങാതെ സംരംഭത്തിന് ഗതിവേഗമുണ്ടാകും. സംരംഭകത്വ മനോഭാവം കേരളത്തിൽ വളർത്തിയെടുക്കാനാവണം. ഭൂമിയുടെ ലഭ്യത കുറഞ്ഞു വരുന്നതാണ് വ്യവസായ വികസനത്തിൽ പ്രധാന തടസ്സമാകുന്നത്. അതിനാൽ ലഭ്യമായ ഭൂമിയിൽ പരമാവധി വ്യവസായങ്ങൾ തുടങ്ങുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് വ്യവസായ കെട്ടിട സമുച്ചയങ്ങൾ നിർമിക്കുന്നത്. ഗൾഫിലെ പ്രതിസന്ധി കാരണം മലയാളികൾ നാട്ടിലേയ്ക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുകയാണ്. ഇവർ ഇവിടെ ചെറുകിട വ്യവസായ സംരംഭകരായി മാറണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് കിൻഫ്രയ്ക്കായി 5,000 ഏക്കർ ഭൂമി ഏറ്റെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. തലശ്ശേരിയിൽ കായിക മികവിന് ആവശ്യമായ പദ്ധതികൾ സമർപ്പിച്ചാൽ സർക്കാർ അംഗീകാരം നൽകുമെന്നും മന്ത്രി പറഞ്ഞു.

എ. എൻ. ഷംസീർ എം എൽ എ അധ്യക്ഷനായി. കിൻഫ്ര മാനേജിംഗ് ഡയറക്ടർ കെ. എ. സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. സുമേഷ്, ജില്ലാ പഞ്ചായത്ത് അംഗം പി. വിനീത, എരഞ്ഞോളി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫസീല ഫാറൂഖ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സി. ഹരീന്ദ്രൻ, പഞ്ചായത്ത് അംഗം കെ. കെ. ശശി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ. ടി. അബ്ദുൽ മജീദ്, എം. സി. പവിത്രൻ, മണ്ണയാട് ബാലകൃഷ്ണൻ, പി. വി. സൈനുദ്ദീൻ, പ്രദീപ് പുതുക്കുടി, ഒതയോത്ത് രമേശൻ, കെ. വിനയരാജ്, കിൻഫ്ര ജനറൽ മാനേജർ ഡോ. ടി. ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

